# ഇന്ത്യൻ വിദ്യാഭ്യാസം

ത്തൽ ഒരുവിലയിരുത്തൽ ഒരുവിലയിരുത്തൽ ഒരു വിലയിരുത്തൽ ഒരുവില

370.954



സി. ഭാസ്കരൻ

# ഇന്ത്യൻ
# വിദ്യാഭ്യാസം
# ഒരു വിലയിരുത്തൽ

8058

സി. ഭാസ്കരൻ

PC Library & Research Center

വില. 0-80

370-954

# Indian Vidyabhyasam Oru Vilayiruthal

(Malayalam)

By C. BHASKARAN

Published Nov : 1973
Copies 1000

Price Rs. 0-80
Printed at
P. P. Press,
Palayam
Trivandrum 1

Published by:
G. Sakthidharan.

നിശ്ചിതമായ ഉല്പാദന ബന്ധങ്ങളും അവയ്ക്കനുസരണമായി നിശ്ചിതമായ വികാസ ദശയിലെത്തിയ ഉല്പാദന ശക്തികളും ഉല്പാദനോപാധികളും ചേരുമ്പോൾ ഒരു സമ്പദ്ഘടനയാവുന്നു. ഈ സമ്പദ്ഘടനയാണ് അതിന്റെ സ്ഥായിയായ സ്വഭാവ വിശേഷങ്ങൾക്കനുസരണമായി രൂപമെടുക്കുന്ന സാമൂഹ്യ വ്യവസ്ഥയുടെ അടിത്തറയായി വർത്തിക്കുന്നത്. അതിനു മീതെ സംസ്കാരം, കല, സാഹിത്യം, രാഷ്ട്രീയം, ശാസ്ത്രം, വിദ്യാഭ്യാസം ആദിയായ ആശയപരമായ ക്രിയാമണ്ഡലങ്ങളും കൂടിയാവുമ്പോൾ സാമൂഹ്യ വ്യവസ്ഥയുടെ പൂർണ്ണ രൂപമാവുന്നു. അടിത്തറയായ സമ്പദ് വ്യവസ്ഥയിൽ മാറ്റമുണ്ടാകുന്നതിനനുസരിച്ച് മേൽപ്പുരയിലും മാറ്റമുണ്ടാകുന്നു.

സാമ്പത്തികമായ അടിത്തറയെ വെറുതെ പ്രതിഫലിപ്പിക്കുക മാത്രം ചെയ്യുന്ന ഒന്നല്ല അതിന്റെ മീതെ പടുത്തുയർത്തപ്പെട്ടിട്ടുള്ള മേൽപ്പുര. അതു വളർന്നുകഴിഞ്ഞാൽ താരതമ്യേന സ്വതന്ത്രമായ ഒരു പദവി താൽക്കാലികമായിട്ടെങ്കിലും അതിന് കൈവരുന്നു. അതുകൊണ്ടു തന്നെ ഒരു പ്രത്യേക സാമ്പത്തിക വ്യവസ്ഥയിൽ നിന്നുയർന്നു വന്ന ഭരണവ്യവസ്ഥയ്ക്ക്, സാമൂഹ്യസംഘടനാരീതിക്ക്, ആ സാമ്പത്തിക വ്യവസ്ഥയെ നിലനിർത്തുന്ന കാര്യത്തിലും സജീവമായൊരു പങ്ക് വഹിക്കാൻ കഴിയും.

ഒരു വർഗരഹിത സമൂഹം നിലവിൽ വരുന്നതു വരെയുള്ള ഏതൊരു വ്യവസ്ഥയിലും സമൂഹത്തിന്റെ മുഴുവൻ ഭാഗധേയവും കയ്യടക്കിയ ന്യൂനപക്ഷമായ ഒരു ഭരണവർഗവും 'അവരുടെ ദയാദാക്ഷിണ്യങ്ങൾക്ക് വിധേയരായ ബഹുഭൂരിപക്ഷമായ ഒരു ഭരണീയ വർഗവും ഉണ്ടാവാതെ വയ്യ. തങ്ങളുടെ മേധാവിത്വവും ചൂഷണ സൗകര്യങ്ങളും നിലനിർത്തുവാൻ പ്രതിജ്ഞാബദ്ധരായ ഭരണവർഗം സമ്പദ്ഘടനയെ മാത്രമല്ല സമൂഹത്തിന്റെ മറ്റെല്ലാ കർമ്മമണ്ഡലങ്ങളേയും തങ്ങളുടെ താല്പര്യങ്ങൾക്കനുസരണമായി ചിട്ടപ്പെടുത്തുകയും ഒതുക്കി നിർത്തുകയും ചെയ്യും. ഇതിൽ വ്യവസ്ഥാപിതമായ വിദ്യാഭ്യാസമാണ് ഏറ്റവും അനായാസമായി അവ

രുടെ കൈപ്പിടിയിലമരുന്ന ഏററവും ശക്തമായ ഉപകരണം തലമുറകളുടെ ബോധ മണ്ഡലങ്ങളെ വർഗ താല്പര്യങ്ങളുടെ നിക്ഷേപ പേടകങ്ങളാക്കി മാററിയെടുക്കുവാൻ ഇത്രയധികം ഉതകുന്ന മറെറാരു മേഖല ഭരണവർഗത്തിനു കണ്ടെത്തുക സാദ്ധ്യമല്ല. ഭരണവർഗത്തിൻെറ നില നിൽപ്പു തന്നെ വിദ്യാഭ്യാസത്തിലാണെന്നാണ്‌ പ്രസിദ്ധ റോമൻ തത്വചിന്തകനായ ദിദറൊ പറഞ്ഞതു്.

## ഗണഗോത്ര വ്യവസ്ഥ

അതുകൊണ്ടാണ്‌ ഗണഗോത്ര വ്യവസ്ഥയുടെ കാലഘട്ടത്തിൽ ഇന്ത്യയിൽ വർണ്ണാശ്രമധർമ്മം വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ മുഖ മുദ്രയായിത്തീർന്നതു്. ബ്രഹ്മ (അക്ഷര) ജ്ഞാനം ബ്രാഹ്മണർക്കു മാത്രമായും ഭരണനിർവ്വഹണം ക്ഷത്രിയർക്കും, കച്ചവടവും കൃഷിയും വൈശ്യർക്കും, അടിമവേല ശൂദ്രർക്കുമായി വിഭജിച്ചുവെച്ച ആ വ്യവസ്ഥ ചരിത്രത്തിലെ ഒരു യാദൃച്ഛികസംഭവമല്ല; ബോധ പൂർവ്വം സൃഷ്ടിക്കപ്പെട്ടതു തന്നെയായിരുന്നു. ആ വ്യവസ്ഥയെ അരക്കിട്ടുറപ്പിക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ പ്രചരണങ്ങളായിരുന്നു വിദ്യാഭ്യാസ രംഗത്തുണ്ടായിരുന്നതു്.

കൊളോണിയൽ ഭരണം സ്ഥാപിതമാവുമ്പോഴും ഇന്ത്യയുടെ സ്ഥിതി ഇതായിരുന്നു. യൂറോപ്പിൽ ഫ്യൂഡലിസത്തിന്നെതിരെ അതിരൂക്ഷമായ ആക്രമണങ്ങഠം അഴിച്ചു വിട്ടു അതിൻെറ അവസാനാവശിഷ്ടങ്ങഠം പോലും തുടച്ചുമാററി ആധിപത്യംസ്ഥാപിച്ച ബൂർഷ്വാസി ഇന്ത്യയിൽ ഫ്യൂഡലിസവുമായി അവിശ്വസനീയമാം വിധം സന്ധിചെയ്യുകയാണുണ്ടായതു്. അതേ സമയംതന്നെ, യൂറോപ്പിലെ വിദ്യാഭ്യാസ രംഗത്തെ ഫ്യൂഡലിസത്തിൻെറ ആധാരശിലയായ മതത്തിൻെറ പിടിയിൽ നിന്നും വിടർത്തിയെടുത്തു ബൂർഷ്വാ സ്റ്റേററിൻെറഅധീനതയിൽ കൊണ്ടുവരാൻ ഏതാണ്ടു രണ്ടു നൂററാണ്ടോളം കാലത്തെ സമരം വേണ്ടിവന്നു എന്ന വസ്തുതയും വിസ്മരിക്കാവതല്ല. എങ്കിൽ പിന്നെ വിദേശബൂർഷ്വാസി ഇന്ത്യയിൽ ഫ്യൂഡലിസവുമായി സന്ധിചെയ്തതെന്തുകൊണ്ടായിരുന്നു? കാരണം ലളിതമാണ്‌. സാമ്രാജ്യത്വ ബൂർഷ്വാസിക്കു് സ്വന്തം ചൂഷണാവസരം നില നിർത്തുവാൻ ദേശീയ ബൂർഷ്വാസിയെപ്പോലും അമർത്തി നിർത്തേണ്ടതു് ആവശ്യമായിരുന്നു. അതിനു് ഏററവും സുഗമമായ മാർഗം ഫ്യൂഡൽ ശക്തികളെ കൂട്ടു പിടിക്കുകയും നില നിർത്തുകയും ചെയ്യുക എന്നതുമായിരുന്നു.

ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് ദേശീയരും വിദേശീയരുമായവിദ്യാഭ്യാസ വിചക്ഷണന്മാരും ഔദ്യോഗികപഠന സംഘങ്ങളും പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളും ലേഖനങ്ങളും റിപ്പോർട്ടുകളും വായിച്ചു തീർക്കാൻ ക്ഷമയുള്ള ഒരാളിന് ആദ്യം വ്യക്തമാവുന്ന വസ്തുത ഇന്ന് ഇന്ത്യയിൽ നിലവിലുള്ളത് കൊളോണിയൽ ഭരണാധികാരികൾ നടപ്പിലാക്കിയ അതേവിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ചട്ടക്കൂടുതന്നെയാണ് എന്നാണ്. പാശ്ചാത്യം എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ വിദ്യാഭ്യാസ സമ്പ്രദായം ഉപേക്ഷിച്ചിട്ട് പകരം പഴയ ഗുരുകുലം പോലെയുള്ള ഒരു സമ്പ്രദായം നടപ്പിൽ വരിക ചരിത്രപരമായി അസാദ്ധ്യവുമാണ്. അപ്പോൾ കൊളോണിയൽ കാലഘട്ടം തൊട്ടിങ്ങോട്ടെടുത്താൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ പൂർണ്ണമായ ചിത്രം നമുക്കു കിട്ടും.

## കൊളോണിയൽ വിദ്യാഭ്യാസം

ബ്രിട്ടീഷുകാർ പാശ്ചാത്യമാതൃകയിലുള്ള വിദ്യാഭ്യാസം പ്രചരിപ്പിച്ചതിൻെറ ലക്ഷ്യം എന്തായിരുന്നു? അവരുടെ ഭരണയന്ത്രത്തിന് ചുരുങ്ങിയ ചെലവിൽ ഉപയോഗിക്കാവുന്ന കുറെ ഗുമസ്തന്മാരേയും, ചെറുകിട ഉദ്യോഗസ്ഥന്മാരേയും അപൂർവ്വംസാങ്കേതികവിദഗ്ദന്മാരെയും സൃഷ്ടിക്കുക എന്നതായിരുന്നു എന്ന് സാധാരണ പറയാറുണ്ട്. അത് ഭാഗികമായി ശരിയുമാണ്. എന്നാൽ അവർ നടപ്പാക്കിയ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ പരമമായ ലക്ഷ്യം ഉന്നത വർഗങ്ങളും ബഹുജനങ്ങളും തമ്മിൽ നേരത്തെതന്നെ നിലവിലുണ്ടായിരുന്ന അകലം ആവുന്നത്ര വർദ്ധിപ്പിക്കുക എന്നതായിരുന്നു. തങ്ങളുടെ അധികാരത്തിന് ഭീഷണിയായേക്കാനിടയുള്ള ഒരേ ഒരു വിഭാഗമായ പ്രഭുവർഗത്തെ പുതിയൊരു വിദ്യാസമ്പന്നതയുടെ മഹത്വം കൽപ്പിച്ചു കൊടുത്ത് തങ്ങളുടെ ചൊല്പടിയിൽ നിർത്താനാവുമെന്ന് അവർ മനസ്സിലാക്കിയിരുന്നു.

അങ്ങനെ അഭിജാതരുടെയും ഉയർന്ന വർഗക്കാരുടെയും കുട്ടികൾക്കു വേണ്ടിയും അവരുടെഫ്യൂഡൽ സങ്കല്പത്തിലുള്ള 'മാന്യത' നേടിക്കൊടുക്കുവാൻ വേണ്ടിയുമാണ് ബ്രിട്ടീഷുകാർ പാശ്ചാത്യവിദ്യാഭ്യാസം ഇവിടെ ഏർപ്പെടുത്തിയത്. അതിനനുസരണമായരീതിയും സ്വഭാവവുമായിരുന്നു അവരുടെ വിദ്യാഭ്യാസ സമ്പ്രദായത്തിനുണ്ടായിരുന്നതും. ജനകീയ വിദ്യാഭ്യാസത്തിന് അതിൽ യാതൊരു സ്ഥാനവുമില്ലായിരുന്നു എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. മറിച്ച് 'പൊതു വിദ്യാഭ്യാസം' എന്ന് ഇന്നു പരക്കെ അറിയപ്പെടുന്നതും 'സാഹിത്യപര'മെന്നോ 'അക്കാഡമിക്' എന്നോ വിശേഷിപ്പിക്കാവുന്നതുമായ ഒരു സമ്പ്രദായമായിരുന്നു അത്. ശാസ്ത്രത്തെയും സാങ്കേതിക വിഷയങ്ങളെയും അതു തീണ്ടാപ്പാടകലെയാണ് നിർ

ത്തിയിരുന്നതു്. (ദേശീയ വ്യവസായങ്ങൾ ഉണ്ടാകാതിരിക്കേണ്ടതു് അവരുടെ ആവശ്യമാണെന്നതും ഒരു കാരണമാണ്.) പിൽക്കാലത്തു് വൈദ്യശാസ്ത്രവും എഞ്ചിനീയറിങ്ങും പഠനവിഷയങ്ങളാക്കിയപ്പോഴും പ്രായോഗിക പരിശീലനത്തിനുവേണ്ട സ്ഥാനം നൽകാതെ അവയും 'അക്കാഡമിക്' നിലവാരത്തിൽ കൈകാര്യം ചെയ്യപ്പെടുന്ന രീതിയാണ് സ്വീകരിച്ചതു്. ചുരുക്കത്തിൽ അദ്ധ്വാനത്തെ നികൃഷ്ടമായെണ്ണുകയും പ്രായോഗിക ജീവിതത്തിനാവശ്യമായ പരിശീലനം തൊട്ടു തീണ്ടാതിരിക്കുകയും ഫ്യൂഡലിസത്തിന്റെ മിഥ്യാഭിമാന സങ്കല്പങ്ങളെ താലോലിക്കുകയും ചെയ്ത ഒരു വിദ്യാഭ്യാസ സമ്പ്രദായമായിരുന്നു അവർ ആവിഷ്ക്കരിച്ചതു്.

പ്രായോഗിക ജീവിതവും തൊഴിലുമായി ബന്ധമില്ലാത്ത ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിൽ 'പരീക്ഷ' ലക്ഷ്യകേന്ദ്രമാവുക സ്വാഭാവികം മാത്രമാണ്. കലാശാലാബിരുദമെന്ന 'മഹത്വ'ത്തെ ചുററിപ്പററിയാണ് പരീക്ഷ പരമപ്രാധാന്യം നേടുന്നതു്. തൽഫലമായി കലാശാലാ വിദ്യാഭ്യാസം ബിരുദം നേടുവാനുള്ള പരീക്ഷയെ മാത്രം ലക്ഷ്യം വയ്ക്കുന്നു, സെക്കൻററി വിദ്യാഭ്യാസം കലാശാലാപ്രവേശനത്തിനുള്ള പരീക്ഷ ജയിക്കുക എന്നതു മാത്രമായിത്തീരുന്നു, പ്രൈമറി വിദ്യാഭ്യാസമാകട്ടെ സെക്കൻററി വിദ്യാഭ്യാസത്തിനുള്ള തയ്യാറെടുപ്പുമാത്രമായി കലാശിക്കുകയും ചെയ്യുന്നു. പഠനമാദ്ധ്യമം വിദേശ ഭാഷകൂടിയാവുമ്പോൾ വിദ്യാഭ്യാസത്തിന് ബഹുജനങ്ങളിൽ നിന്നുള്ള അകലവും ഉന്നത വർഗങ്ങൾക്ക് വൈദേശിക ഭരണ വർഗവുമായുള്ള അടുപ്പവും പരമാവധിയിലെത്തുന്നു. അദ്ധ്യാപകൻ പ്രസംഗിക്കുകയും നോട്ടു പറഞ്ഞു കൊടുക്കുകയും വിദ്യാർത്ഥികൾ അതു കേൾക്കുകയും കുറിക്കുകയും കാണാപാഠം പഠിച്ച് പരീക്ഷയ്ക്ക് പകർത്തി വയ്ക്കുകയുംചെയ്യുന്നതാണ് അദ്ധ്യാപനരീതി. യാന്ത്രികവും നിർജ്ജീവവുമായ ഈ രീതിയും ആവർത്തന വിരസമായ പാഠ്യവിഷയങ്ങളും അദ്ധ്യാപകരുടെ കഴിവുകളെയും പരീക്ഷണ കൗതുകത്തെയും വിദ്യാർത്ഥികളുടെ വിമർശനബുദ്ധിയെയും സ്വയംപഠനത്തിനുള്ള താല്പര്യത്തെയും നിഹനിക്കുകയാണ് ചെയ്യുന്നതു്. കൊളോണിയൽ കാലഘട്ടത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സ്വഭാവ വിശേഷങ്ങളെ വിലയിരുത്തിക്കൊണ്ടു് ലോക പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞനായ ഗുന്നാർ മിർഡൽ പറയുന്നു: '.........ജനകീയ വിദ്യാഭ്യാസത്തെ അവഗണിച്ചു കൊണ്ടു് അഭ്യസ്ത വിദ്യരായ ഒരു മാന്യ വർഗത്തെ സൃഷ്ടിച്ചതിലൂടെ, സുരക്ഷിതരായ ഉന്നതവർഗത്തിനും ജനസാമാന്യത്തിനുമിടയിലുള്ള കന്മതിൽ നില നിർത്തുവാനും കൂടുതൽ ഉയർത്തുവാനും സഹായിക്കുകയാണ് കൊളോണിയൽ ഗവണ്മെൻറുകൾ ചെയ്തതു്...........ഈ മാന്യവർഗം തങ്ങളുടെ ജോലിയിലും മിക്കപ്പോഴും സാമൂഹ്യ ജീവിതത്തിലും വിദേശഭാഷയാണ് ഉപയോഗിച്ചിരുന്നതു് എന്നവ

സ്തൃത വർഗവ്യത്യാസത്തിൻെറ മതിലിനെ പിന്നെയും ഉയർത്തി..........."
(ആഗോളദാരിദ്ര്യത്തിൻെറവെല്ലുവിളി, പേ: 177)

ജനമനസ്സുകളിൽ ഒരായിരം പ്രതീക്ഷകളും മുളപ്പിച്ചു കൊണ്ടായിരുന്നു 1947—ആഗസ്റ്റ് 14-ാംനു-അർദ്ധരാത്രിക്ക് ഡൽഹിയിലെ ചെങ്കോട്ടയിൽ സ്വാതന്ത്ര്യത്തിൻെറ കൊടി ഉയർന്നതു്. പക്ഷെ, ആ മഹാസംഭവത്തിൻെറ രജതജൂബിലി കഴിഞ്ഞ ആഗസ്റ്റിൽഒരു ചടങ്ങായി ആഘോഷിക്കപ്പെട്ടപ്പോൾ ആ പ്രതീക്ഷകളുടെയെല്ലാം കബറടക്കം കൂടിയാണ് നടന്നതു്. ഫ്യൂഡലിസത്തിൻെറ ശക്തികൾ ഏറെക്കുറെ പോറലേൽക്കാതെ നിലനിൽക്കുകയും മുതലാളിത്തം കുത്തക മുതലാളിത്തമായി വളന്നു പന്തലിക്കുകയും ചെയ്തിരിക്കുന്നു. അതേ സമയം ഔദ്യോഗിക കണക്കനുസരിച്ചു തന്നെ 22 കോടിയില്പരമാളുകൾ നിർദ്ധനതത്തിലും അർദ്ധ പട്ടിണിയിലും മുഴുപ്പട്ടിണിയിലും കഴിയുകയും കോടിക്കണക്കിനാളുകൾ തൊഴിൽ കിട്ടാതെ അലയുകയും ചെയ്യുന്ന പരമ ദയനീയമായ ചിത്രമാണ് മറുവശത്തു് ഉയരുന്നതു്.

## സമ്പദ് വ്യവസ്ഥയുടെ പ്രതിഛായ

സാമ്പത്തിക രംഗത്തിൻെറ തനി പ്രതിച്ഛായയാണ് വിദ്യാഭ്യാസ രംഗവും. ദേശീയസ്വാതന്ത്ര്യപ്രസ്ഥാനം കരുത്താർജ്ജിച്ച കാലം മുതൽക്കേ നമ്മുടെ ദേശീയ നേതാക്കന്മാർ വിദ്യാഭ്യാസരംഗം സമൂലമായി പരിവർത്തിപ്പിക്കുമെന്ന പ്രഖ്യാപനം ആവർത്തിച്ചിരുന്നു. ഗാന്ധിജിയുടെ വാർദ്ധാ പദ്ധതിയും ടാഗോറിൻെറവിശ്വഭാരതിയും ഒരു പരിധിവരെ ബനാറസ്, അലിഗർ എന്നീ യൂണിവേഴ്സിററികളും ആ വഴിക്കുള്ള കാൽവയ്പുകളായിരുന്നു. സ്വാതന്ത്ര്യം നേടിയതിനു ശേഷം 1948-ൽ ഒരു വിദ്യാഭ്യാസ സമ്മേളനത്തിൽ ജവഹർലാൽ നെഹ്റു പ്രഖ്യാപിച്ചു: "രാജ്യത്തു് വമ്പിച്ച മാററങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസ സമ്പ്രദായവും ആ മാററങ്ങൾക്കൊത്തു നീങ്ങണം. വിദ്യാഭ്യാസത്തിൻെറ അടിസ്ഥാനം അപ്പാടെ തന്നെ വിപ്ലവവൽക്കരിച്ചേ തീരൂ."

ഉജ്ജ്വലമായ ഈ പ്രഖ്യാപനം സ്വാതന്ത്ര്യസമരകാലത്തെ ആശയാഭിലാഷങ്ങളെ ആവർത്തിച്ചുറപ്പിക്കുന്നതായിരുന്നു എന്നു് എടുത്തു പറയേണ്ടതില്ലല്ലോ. പക്ഷെ,രണ്ടുവർഷത്തിനു ശേഷം ഭരണഘടന നിലവിൽ വന്നപ്പോൾ വിദ്യാഭ്യാസം നിർദ്ദേശിക തത്വങ്ങളുടെ പട്ടികയിൽ പെടുകയാണുണ്ടായതു്.

സ്വതന്ത്ര ഭാരതത്തിലെ വിദ്യാഭ്യാസ രംഗത്തിൻെറ അധഃപതനം അവിടംമുതലാണ് ആരംഭിക്കുന്നത്. സ്വാതന്ത്ര്യത്തിനുമുമ്പുംപിമ്പുംനമ്മുടെദേ

ശീയബൂർഷ്വാനേതാക്കന്മാർ ആവർത്തിച്ചുപോന്ന പ്രഖ്യാപനങ്ങൾ ഒന്നൊന്നായി വിസ്മൃതിയിലാണ്ടു; വാഗ്ദാനങ്ങൾ കടലാസ്സുകളിൽ നിത്യനിദ്രപ്രാപിച്ചു. വിപ്ലവവല്ലരണം അവസാനം ചെന്നു് കലാശിച്ചതു് എന്തിലാണെന്നു് വിദ്യാഭ്യാസ കമ്മീഷന്റെ സെക്രട്ടറിയായിരുന്ന ജെ. പി. നായക് 1965-ൽ പറഞ്ഞ അഭിപ്രായത്തിൽ നിന്നും വ്യക്തമാവും:

„കഴിഞ്ഞ 16 വർഷങ്ങൾക്കിടയിൽ ഇന്ത്യയിൽ സംഭവിച്ചതു് പഴയ സമ്പ്രദായത്തിന്റെ വിപുലീകരണവും ഉള്ളടക്കത്തിലും സങ്കേതത്തിലും ത്വക്മാത്രസ്പർശിയായ മാററങ്ങളും മാത്രമാണു്"

നായിക്കിനെ ഉദ്ധരിച്ചു കൊണ്ടു് മിർഡൽ തുറന്നടിച്ചു പറയുന്നു:

"സ്കൂൾ സമ്പ്രദായത്തിന്റെ ബാഹ്യഘടനപോലും നിലനിർത്തിയിരിക്കുന്നു എന്ന കാര്യം നിസ്സംശയമാണു്" (ആഗോള ദാരിദ്ര്യത്തിന്റെ വെല്ലുവിളി, പേ. 180)

## നിരക്ഷരത

സ്വതന്ത്ര ഇന്ത്യയിലെ പഠന സമ്പ്രദായത്തിന്റെ വിശദാംശങ്ങളിലേക്കു് കടക്കുന്നതിനു മുമ്പു് അതിന്റെ മൗലിക സ്വഭാവത്തിനാധാരവും ജനസാമാന്യത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനവുമായ സാക്ഷരതയെക്കുറിച്ചു് ഒട്ടൊന്നു് ചിന്തിക്കേണ്ടതുണ്ടു്. കാരണം, സ്വാതന്ത്ര്യപ്രസ്ഥാനകാലത്തെ പ്രധാനപ്പെട്ട ഒരു മുദ്രാവാക്യവും സ്വാതന്ത്ര്യം നേടിയതിനു ശേഷം നിരന്തരമായി ആവർത്തിക്കപ്പെട്ട ഒരു വാഗ്ദാനവുമായിരുന്നു സാർവ്വത്രികമായ സാക്ഷരതയും നിരക്ഷരതാ നിർമ്മാർജ്ജനവും. പക്ഷെ, മുദ്രാവാക്യം പ്രവൃത്തിയിലേക്കു വന്നപ്പോൾ സ്ഥിതി എന്തായി? ജെ. പി നായിക്കിന്റെ തന്നെ വാക്കുകളുദ്ധരിക്കാം:

„പ്രായപൂർത്തിയായവർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുകയെന്നതു് ദേശീയ വികസനത്തിലെ ഏററവും പ്രധാനപ്പെട്ട പരിപാടിയാണു്. കാർഷികോല്പാദനം, കുടുംബാസൂത്രണം തുടങ്ങിയ മററു് പരിപാടികൾ ഇതിനെ ആശ്രയിച്ചാണു് നിൽക്കുന്നതു്. ഈ രംഗം കുററകരമാം വിധം അവഗണിക്കപ്പെട്ടിരിക്കുകയാണു്. വൻ തോതിലുള്ള ഒരു പരിപാടി ഈ രംഗത്തു് ആവിഷ്ക്കരിക്കേണ്ടതും ചുരുങ്ങിയ കാലയളവിനുള്ളിൽ—അങ്ങേയററം പോയാൽ അഞ്ചോ പത്തോ വർഷത്തിനകം—ജനകോടികളുടെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യേണ്ടതും അങ്ങേഅററം അഭിലഷണനീയമാണു്."

അദ്ദേഹം ഈ അഭിപ്രായം പ്രകടിപ്പിച്ചതിനു ശേഷം ആറു വർഷങ്ങൾകൂടി സംഭവരഹിതമായി കടന്നുപോയിരിക്കുന്നു.

ഇന്നു്, ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന സെൻസസ് കണക്കുകളിലൂടെ ഒന്നു കണ്ണോടിച്ചാൽ സാക്ഷരതയുടെ നില പിന്നെയും പരിതാപകരമാംവിധം താഴോട്ടു പോയിരിക്കുന്നു എന്നാണു് കാണാൻ കഴിയുക. 25-ാം വാർഷികമാഘോഷിച്ചുകഴിഞ്ഞ ഇന്ത്യയിൽ, 'ലോകത്തിലെ ഏററവും വലിയ ജനാധിപത്യ'ത്തിൽ, 38 കോടി ജനങ്ങൾ എന്നുപറഞ്ഞാൽ ജനസംഖ്യയുടെ 71 ശതമാനം അക്ഷരജ്ഞാനത്തിൻെറ വെളിച്ചം കിട്ടാനവസരമില്ലാതെ നിത്യമായ അന്ധകാരത്തിൽ കഴിയുകയാണു്. ഊതിവീർപ്പിക്കപ്പെട്ട ഈ കണക്കുകളിൽനിന്നു് പ്രയോഗക്ഷമമായ സാക്ഷരതയുടെ ശതമാനം അനുമാനിച്ചെടുത്താൽ അതു് 20, 25 ശതമാനത്തിനപ്പുറം വരികയില്ല. 1951-ലെ സാക്ഷര ശതമാനം 16.6 മാത്രമായിരുന്നു എന്നും അതു് 1971-ൽ 29 ആയി ഉയർന്നുവെന്നും വാദിക്കുന്നവരുണ്ടാവാം പക്ഷെ, ബ്രിട്ടീഷിന്ത്യയിലുണ്ടായിരുന്ന ആകെ ജനങ്ങളേക്കാൾ കൂടുതൽ പേർ സ്വതന്ത്ര ഇന്ത്യയിൽ നിരക്ഷരരായി ഉണ്ടെന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. എന്നു പറഞ്ഞാൽ സ്വാതന്ത്ര്യത്തിൽ സാർവ്വത്രികമായ സാക്ഷരത എന്ന വാഗ്ദാനം ഫലത്തിൽ ഒൻപതു കോടി നിരക്ഷരരെ പുതിയതായി സൃഷ്ടിച്ചിരിക്കുന്നു. അന്ധകാരത്തിൽ ജനിച്ചു് അന്ധകാരത്തിൽ വളർന്നു് അന്ധകാരത്തിൽ തന്നെ അവസാനിക്കുന്ന 38 കോടികൾ! എന്നിട്ടും നമ്മുടെ ഭരണ വർഗ്ഗം സോഷ്യലിസത്തിൻെറ പ്രണേതാക്കളെന്നു സ്വയം അവകാശപ്പെടാൻ ലജ്ജിക്കുന്നില്ല. ചരിത്രത്തിൻെറ പരിഹാസമെന്നേ പറയാവൂ.

നിരക്ഷരതാ വർദ്ധനവിനു് കാരണം ജനസംഖ്യാ പെരുപ്പമാണെന്നു് ഒരു മുടന്തൻ ന്യായം പറഞ്ഞു കേൾക്കാറുണ്ടു്. ജനപ്പെരുപ്പത്തിൻെറ കാര്യത്തിൽ ഇന്ത്യയേക്കാൾ എത്രയോ മുമ്പിൽ നിന്നിരുന്ന ചൈനയിൽ ജനകീയ റിപ്പബ്ളിക്ക് സ്ഥാപിതമായി പതിനഞ്ചു വർഷം തികയുന്നതിനകം തന്നെ നിരക്ഷരത പൂർണ്ണമായി തുടച്ചുനീക്കപ്പെട്ടു എന്നതു ചരിത്ര വസ്തുതയാണു്. അതുപോലെതന്നെ, ലോകചരിത്രം അരനൂററാണ്ടു പിന്നിലായിരുന്ന പരിതഃസ്ഥിതികളിൽ നിന്നുകൊണ്ടു് സാർവത്രികമായ സാക്ഷരത നേടുവാൻ സോവിയററു് യൂണിയനു് ഇരുപതു വർഷമേ വേണ്ടിവന്നുള്ളു. പക്ഷെ, അതു

സംഭവിച്ചതു് യഥാർത്ഥ സോഷ്യലിസ്റ്റം ഭരണത്തിൻ കീഴിലായിരുന്നു, കപട സോഷ്യലിസ്റ്റം ഭരണത്തിൻ കീഴിലായിരുന്നില്ല.

അപ്പോഠം ഭരണ വർഗത്തിനു് അവരുടെ പ്രഖ്യാപനങ്ങളോടു് ആത്മാർത്ഥത ഉണ്ടായിരുന്നെങ്കിൽ നിരക്ഷരതാ നിർമ്മാർജ്ജനം കഴിഞ്ഞ 26 വർഷത്തിനകം സാധിതമാകുമായിരുന്നു എന്നു് വ്യക്തമാണു്. മറിച്ചു്, അവർ ആ ലക്ഷ്യത്തിൽനിന്നു് ബോധപൂർവ്വം പിൻവാങ്ങുകയാണു് ചെയ്തതു്. സ്വാതന്ത്ര്യത്തിൻെറ ആദ്യ വർഷങ്ങളിൽ വയോജന വിദ്യാഭ്യാസം ഗാന്ധിയൻ ആദർശപരതയിൽ ഊന്നിക്കൊണ്ടാണെങ്കിൽക്കൂടിയും ഒരു ദേശീയ പരിപാടിയായി അംഗീകരിക്കപ്പെട്ടിരുന്നു. 1951–ആകുമ്പോഴേക്കും അതു് നിശ്ശബ്ദതയിലാണ്ടു കഴിഞ്ഞു.

പുരോഗതിയുടെ ലക്ഷ്യം പുതിയ തലമുറകളെ ലക്ഷ്യം വയ്ക്കുന്നതുകൊണ്ടു് പ്രായമായവരുടെ വിദ്യാഭ്യാസത്തിനു് ഊന്നൽ കൊടുക്കേണ്ടതുണ്ടോ എന്ന ചോദ്യം സ്വാഭാവികമായും ഉയന്നു വന്നേക്കാം. ഇന്ത്യയുടെ മൊത്തത്തിലുള്ള സ്ഥിതി സാമൂഹ്യശാസ്ത്രപരമായി അപഗ്രഥിച്ചു നോക്കിയാലേ അതിനു മറുപടി പറയാനാവൂ. നിരക്ഷരത നിരക്ഷരതയെ വളർത്തുന്നു എന്ന സത്യമാണു് അവിടെ നാം കണ്ടെത്തുന്നതു്. ഇളം തലമുറയ്ക്കു് ഒരു ജീവിത സങ്കല്പവും ലക്ഷ്യബോധവും കൈവരേണ്ടതു് മുതിർന്ന തലമുറയിൽ നിന്നാണു്. സ്ഥിതിവിവരക്കണക്കുകളിൽനിന്നു് വ്യക്തമാകുന്നതുപോലെ, നിരക്ഷരരായ മാതാപിതാക്കളുടെ കുട്ടികളാണു് ഏറിയ കൂറും നിരക്ഷരതയിൽ അടിഞ്ഞുകൂടുന്നതു് എന്ന വസ്തുത വ്യക്തമാക്കുന്നതു് മറെറാന്നല്ല. അതിലുപരി, സാമ്പത്തിക നിലവാരവും സാക്ഷരതയുമായി അഭേദ്യമാം വിധം ബന്ധപ്പെട്ടിരിക്കുന്നു എന്ന കാര്യവും കണക്കിലെടുക്കേണ്ടതുണ്ടു്. സാമ്പത്തികമായി താരതമ്യേന മുന്നോക്കം നിൽക്കുന്ന പട്ടണ പ്രദേശങ്ങളിൽ സാക്ഷരത ഏററവും ഉയർന്നു നിൽക്കുമ്പോഠം പിന്നോക്കം നിൽക്കുന്നനാട്ടിൻപുറങ്ങളിൽ, അവയിൽതന്നെ കൂടുതൽ പിന്നോക്കമായ ജില്ലകളിലും ജന വിഭാഗങ്ങളിലുമാണു് നിരക്ഷരത അതിൻെറ മൂർദ്ധന്യതയിൽ നിലനിൽക്കുന്നതു്.

## തരംതിരിക്കൽ

സ്കൂൾ സമ്പ്രദായത്തിലേക്ക് തിരിഞ്ഞാലും ഇതേ സാമ്പത്തിക പ്രതിഭാസം തന്നെയാണ് നിർണ്ണായകമായി വർത്തിക്കുന്നത്. 1950-ൽ ഭരണഘടന രൂപം കൊണ്ടപ്പോൾ പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്കു മുഴുവൻ സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം പത്തു വർഷത്തിനകം നൽകുമെന്ന ധീരമായ പ്രഖ്യാപനം അതിലുണ്ടായിരുന്നു. എന്നാൽ 1969-70 വർഷത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിൻെറ ആനുകൂല്യം അനുഭവിക്കുന്നത് 70.9 ശതമാനം കുട്ടികൾ മാത്രമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അതിൽതന്നെ 56 ശതമാനം കുട്ടികൾ ഒന്നാം സ്റ്റാൻഡേർഡുപോലും പൂർത്തിയാക്കാതെ വിട്ടുപോരുന്നവരാണ്. അവരിൽ 65 ശതമാനവും സാമ്പത്തിക വൈഷമ്യങ്ങൾ കൊണ്ടാണ് പഠിപ്പു മതിയാക്കുന്നതെന്ന് കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ കാര്യകാരണസഹിതം തെളിയിച്ചിട്ടുണ്ട്. ഇതിൻെറ ഫലമായി പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടി ചെലവിടുന്ന പണത്തിൻെറയും മനുഷ്യാദ്ധ്വാനത്തിൻെറയും മുക്കാൽ പങ്കും പാഴിലാവുന്നു. ചുരുക്കത്തിൽ സമൂഹത്തിലെ ബഹുഭൂരിപക്ഷമായ തൊഴിലാളി കർഷകാദിയായ വർഗ്ഗങ്ങളിൽപെട്ട കുട്ടികൾ ഒട്ടുമുക്കാലും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെതന്നെ രംഗം വിടുന്നു. വിദ്യാഭ്യാസം പൂർത്തിയാക്കിയവരാകട്ടെ പ്രായോഗികക്ഷമമായ സാക്ഷരത നേടാൻ കഴിയാത്തതുകൊണ്ട് താമസിയാതെതന്നെ നിരക്ഷരതയിലേക്ക് തിരിച്ചുപോവുകയും ചെയ്യുന്നു.

അങ്ങിനെ പ്രാഥമിക നിലവാരത്തിൽതന്നെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചുള്ള തരംതിരിക്കൽ നടക്കുന്നു. ഇടത്തരംതൊട്ടു മുകളിലോട്ടുള്ളവരാണ് പൊതുവേ സെക്കൻററിരംഗത്തേക്കു കടക്കുന്നത്. അവരിൽ 20-30 ശതമാനം എസ്. എസ്. എൽ. സി. എത്താതെതന്നെ രംഗം വിടുന്നു. ശേഷിക്കുന്നവരിൽ ശരാശരി 35 ശതമാനമാണ് പാസ്സായി പുറത്തുവരുന്നത്. അവിടെയും പ്രയത്നത്തിൻെറ പകുതിയിലധികം പാഴിലാവുകയാണ്. കലാശാലയുടെ കവാടത്തിൽവെച്ച്, സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ, രണ്ടാമതും തരം തിരിക്കൽ നടക്കുന്നു. ഭാരിച്ച ഫീസ്സും മററു ചെല

വുകളും കൊണ്ടു് സാധാരണക്കാൎക്കു് അവിടേയ്ക്കു് എത്തിനോക്കാൻ ധൈര്യമുണ്ടാവുകയില്ല. ഉയൎന്ന ഇടത്തരക്കാരും അതിനു മുകളിലോട്ടുള്ളവരും, എന്നു പറഞ്ഞാൽ ബൂർഷ്വാവൎഗ്ഗമാണു്, സർവ്വകലാശാലാ വിദ്യാഭ്യാസത്തിൻെറ കുത്തക അനുഭവിച്ചുപോരുന്നതു്. അവിടെയും ബിരുദം നേടാൻ കഴിയാതെ പിൻതിരിയുന്നവരുടെ സംഖ്യ നോക്കിയാൽ എത്ര ഭാരിച്ച നഷ്ടമാണു് ആണ്ടോടാണ്ടു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്!

ഇതിൽനിന്നു് ഒരു കാര്യം വ്യക്തമാകുന്നു. നമ്മുടെവിദ്യാഭ്യാസത്തിൻെറ വ്യത്യസ്ത തലങ്ങൾ വ്യത്യസ്ഥമായ വൎഗ്ഗതാല്പൎയ്യങ്ങളെയാണു പ്രതിനിധാനം ചെയ്യുന്നതു്. ദരിദ്രവൎഗ്ഗങ്ങൾക്കും തൊഴിലാളികൾക്കും പ്രാഥമികവിദ്യാഭ്യാസതലമാണു് പരമപ്രധാനം. അതു സാൎവ്വത്രികവും കാര്യക്ഷമവുമാക്കുന്നതുകൊണ്ടേ അവൎക്കുപ്രയോജനം സിദ്ധിക്കുകയുള്ളു. മറിച്ചു്, സർവ്വകലാശാലാതലമാകട്ടെ ബൂർഷ്വാഭരണവർഗങ്ങളുടെ താല്പൎയ്യങ്ങളെയാണു് പ്രതിനിധാനം ചെയ്യുന്നതു്. ഇതിൽ ഏതു വർഗങ്ങളുടെ താല്പര്യമാണു് നമ്മുടെ ഭരണകൂടം സംരക്ഷിച്ചുപോരുന്നതു് എന്നു മനസ്സിലാക്കുവാൻ താഴെ കൊടുത്തിരിക്കുന്ന കണക്കുകൾ സഹായിക്കും.

(ചെലവായ തുക കോടി കണക്കിൽ)

| പഞ്ചവത്സര പദ്ധതികൾ | പ്രാഥമിക വിദ്യാഭ്യാസം | സെക്കൻററി വിദ്യാഭ്യാസം | സർവ്വകലാശാലാ വിദ്യാഭ്യാസം |
|---|---|---|---|
| I | 85 | 20 | 14 |
| II | 95 | 51 | 48 |
| III | 178 | 103 | 87 |
| IV | 234.74 | 118.33 | 183.52 |

(ഇന്ത്യ 1972—എന്ന സർക്കാർ പ്രസിദ്ധീകരണത്തിൽനിന്നു്)

ബ്രിട്ടീഷ് ഭരണത്തിന്റെ ചുവടൊപ്പിച്ച നടപ്പാക്കിയ ഒന്നാം പദ്ധതിക്കാലത്തു് പ്രാഥമിക വിദ്യാഭ്യാസത്തിനും സർവ്വകലാശാലാ വിദ്യാഭ്യാസത്തിനും സർവ്വകലാശാലാ വിദ്യാഭ്യാസത്തിനുള്ള ചെലവുകളുടെ അനുപാതം 14:3 ആയിരുന്നെങ്കിൽ നാലാം പദ്ധതിക്കാലമാവുമ്പോഴേക്കും അതു 4:3 ആയി മാറി. അതുപോലെതന്നെ നാലു പദ്ധതിക്കാലങ്ങൾക്കിടയിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ചെലവിലെ വർദ്ധനവു് ഏതാണ്ടു് രണ്ടേമുക്കാൽ ഇരട്ടി മാത്രമായിരിക്കെ സർവ്വകലാശാലാ വിദ്യാഭ്യാസച്ചെലവിലുണ്ടായ വർദ്ധനവു് 13 ഇരട്ടിയിലധികമാണു്. സാർവ്വത്രിക സാക്ഷരതയെന്നും സൗജന്യ വിദ്യാഭ്യാസമെന്നുമെല്ലാമുള്ള പൊള്ളവാഗ്ദാനങ്ങൾകൊണ്ടു് ജനങ്ങളെ കബളിപ്പിച്ചു് ഭരണവർഗം യഥാർത്ഥത്തിൽ വിദ്യാഭ്യാസരംഗത്തും സ്വന്തം വർഗതാൽപ്പര്യങ്ങൾ അരക്കിട്ടുറപ്പിക്കുകയായിരുന്നു ഇക്കഴിഞ്ഞ 29 വർഷക്കാലമായി ചെയ്തുകൊണ്ടിരുന്നതു് എന്നു് വ്യക്തമാക്കുവാൻ ഇതിൽ കൂടുതലൊന്നും ആവശ്യമില്ല.

## രൂപവും ഉള്ളടക്കവും

ഇനി, സ്വതന്ത്ര ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ രൂപവും ഉള്ളടക്കവും എന്തെന്നുകൂടി അല്പമൊന്നു പരിശോധിക്കാം. കൊളോണിയൽ വിദ്യാഭ്യാസം ഫ്യൂഡൽ വർഗത്തിന്റെ താല്പര്യങ്ങളെയും സങ്കല്പങ്ങളെയും തൃപ്തിപ്പെടുത്തുന്നതായിരുന്നു എന്നു് നേരത്തെ നാം കണ്ടുകഴിഞ്ഞു. ആ സമ്പ്രദായത്തിൽ മൗലികമായ മാററങ്ങൾ വരുത്താൻ സ്വാതന്ത്ര്യത്തിനുശേഷം അധികാരത്തിൽവന്ന ഭരണാധികാരി വർഗങ്ങൾ തയ്യാറായില്ല. കാരണം, ഫ്യൂഡലിസത്തിനു് അവർക്കിടയിൽ സ്ഥാനമുണ്ടായിരുന്നതാണു്. അപ്പോൾ സാമ്രാജ്യത്വത്തെപ്പോലെ തന്നെ ദേശീയ മുതലാളിത്തവും ഫ്യൂഡൽ ശക്തികളുമായി ഏററമുട്ടാൻ തയ്യാറാകാതെ അവർക്കുകൂടി ഭരണത്തിൽ പങ്കു നൽകി അധികാരങ്ങളുടെയും ചൂഷണാവസരങ്ങളുടെയും മുന്തിയ പങ്കു് തന്ത്രപൂർവ്വം തട്ടിയെടുത്തു് തൃപ്തിപ്പെടുകയായിരുന്നുവെന്നു് വ്യക്തമാകുന്നു. ഇതു് ചരിത്രപരമായി ഒരു വിരോധാഭാസമാണെന്നു് തോന്നാം. എന്നാൽ ലോകത്തിന്റെ മാറിയ പരിതഃ

സ്ഥിതിയിൽ, ഫ്യൂഡൽ ശക്തികളെ തകർത്തുകൊണ്ട് ബൂർഷ്വാ ജനാധിപത്യ വിപ്ലവം മുന്നോട്ടു കൊണ്ടുപോകുന്നതു തന്നെയും ആത്യന്തികമായി രണ്ടു വർഗങ്ങളുടെയും പ്രതിയോഗിയായ തൊഴിലാളി വർഗത്തിന്റെ മുന്നേററത്തിന് സഹായകമായേക്കുമെന്ന് ബൂർഷ്വാ നേതാക്കന്മാർ കാലേ കൂട്ടി മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് കുത്തക മുതലാളിത്തത്തിന്റെ കോട്ടകൾ ഉറപ്പിക്കപ്പെടുന്നതുവരെയെങ്കിലും ഫ്യൂഡലിസത്തിന്റെ കോട്ടകൊത്തളങ്ങളെ നിലനിർത്തിക്കൊണ്ട് ചൂഷണം ത്വരിതപ്പെടുത്തുക എന്ന തന്ത്രം ബൂർഷ്വാസി സ്വീകരിച്ചത്.

ഇതിന്റെ ഏററവും നല്ല തെളിവ് നമ്മുടെ പാഠ്യപദ്ധതി തന്നെയാണ്. ഒരു സ്വതന്ത്ര രാഷ്ട്രത്തിന്റെ അന്ത:സത്തയോ മൗലീകതയോ അതിൽ തൊട്ടു തീണ്ടിയിട്ടില്ല ജീവിതരംഗത്തേക്ക് ആത്മവിശ്വാസത്തോടുകൂടി ഇറങ്ങുവാനുള്ള തയ്യാറെടുപ്പോ തൊഴിലിനുള്ള പരിശീലനമോ അദ്ധ്വാനത്തിനുള്ള മനോഭാവമോ അതു പ്രദാനം ചെയ്യുന്നില്ല. മറിച്ച് പാണ്ഡിത്യത്തിന്റെ മിഥ്യാഭിമാനവും ബഹുജനങ്ങളോടും അദ്ധ്വാനത്തോടും പരമമായ പുഛവും ബിരുദ സമ്പാദനമെന്ന അഹന്തയും മാത്രം വളർത്തിയെടുക്കുന്ന പുസ്തകമാത്രമായ വിജ്ഞാനവും കാലഹരണപ്പെട്ട ശാസ്ത്ര തത്വങ്ങളും സർവോപരി മതഭ്രാന്തിനെയും അന്ധവിശ്വാസങ്ങളെയും സങ്കുചിത ദേശീയ ബോധത്തെയും ഊട്ടിവളർത്തുന്ന ചരിത്രവും കഥകളുംകൊണ്ട് അതു് നിറച്ചിരിക്കുകയാണ്. മതേതരത്വം നമ്മുടെ ഭരണഘടനയിലെ മഹത്തായ പ്രഖ്യാപനമാണ്. പക്ഷേ, നമ്മുടെ പാഠപുസ്തകങ്ങളുടെ താളുകൾ മതങ്ങൾക്കുവേണ്ടി പങ്കിട്ടുകൊടുത്തിരിക്കുന്ന വിചിത്രമായ കാഴ്ച്ച ഈ 1973–ലും നാം കണ്ടുകൊണ്ടിരിക്കുന്നതാണല്ലോ.

എന്നു് വച്ച് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാററങ്ങളൊന്നും ഉണ്ടായിട്ടില്ലെന്ന് പറയാൻ പററില്ല. ജീർണ്ണിച്ചുവരുന്ന അമേരിക്കൻ സംസ്കാരത്തിന്റെ അധമ വാസനകൾ നമ്മുടെ വിദ്യാഭ്യാസ രംഗത്തെ പുതിയൊരു ഇറക്കുമതിയാണ്. വിദ്യാഭ്യാസ വിനിമയ പരിപാടികളിലൂടെ, വിലകുറഞ്ഞ പാഠപുസ്തകങ്ങളിലൂടെ, കെയർ ഭക്ഷണത്തിലൂടെ, പി. എൽ. 480–ലൂടെ, ഫോർഡ്

ഫൗണ്ടേഷനിലൂടെയെല്ലാം അവ ഇരമ്പിക്കയറിക്കൊണ്ടിരിക്കുന്നു. സർവ്വകലാശാലാ തലത്തെയാണ് അവ ഏററവും കൂടുതൽ ഗ്രസിച്ചിരിക്കുന്നതു്. ഉന്നത വിദ്യാഭ്യാസ മണ്ഡലത്തിൽ പടർന്നുപിടിച്ചു കൊണ്ടിരിക്കുന്ന ഹിപ്പീയിസത്തിൻെറയും അരാജക വാസനകളുടെയുമെല്ലാം കാരണം രാജ്യത്തു് നടമാടുന്ന സാമ്പത്തികത്തകർച്ച ഒന്നു മാത്രമാണെന്നു കരുതുന്നതു ശരിയായിരിക്കില്ല.

അതുപോലെതന്നെ സ്വാതന്ത്ര്യത്തിനുശേഷം തലപൊക്കിയ മറെറാരു പ്രതിഭാസമാണ് ബോർഡിങ്ങ് സ്കൂളുകളുടെയും പബ്ളിക്ക് സ്കൂളുകളുടെയും അഭൂതപൂർവ്വമായ എണ്ണപ്പെരുപ്പം. സമ്പത്തും പിടിപാടുകളും സ്ഥാനമാനങ്ങളുമുള്ളവരുടെ കുട്ടികൾക്കുമാത്രം പ്രവേശനമുള്ള ഈ സ്കൂളുകൾ ആർക്കുവേണ്ടിയാണെന്ന് എടുത്തുപറയേണ്ടതില്ലല്ലോ. ഐ. ഐ. ടി. കൾ, ബിസിനസ് മാനേജ്മെൻറ് സ്കൂളുകൾ, മുതലായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇവർക്കുവേണ്ടി തന്നെ. ഇവിടെനിന്നും പുറത്തുവരുന്നവരാണ് ഉയർന്ന ഉദ്യോഗങ്ങളും ബാങ്കുകൾ, വ്യവസായങ്ങൾ, വാണിജ്യം തുടങ്ങിയവയുടെ നേതൃസ്ഥാനങ്ങളും വഹിക്കുന്നതു്. ഭരണ വർഗത്തിൻെറ കൂടുതൽ തന്ത്രശാലികളും ചൂഷണ വ്യഗ്രരുമായ പുതിയ ഭരണവർഗത്തെ വാർത്തെടുക്കുന്ന കേന്ദ്രങ്ങളായി ഇവ പ്രവർത്തിക്കുന്നു. വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ് തുടങ്ങിയ സാങ്കേതിക രംഗങ്ങളിലും എണ്ണത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവു് ബൂർഷ്വാ ഫ്യൂഡൽ വർഗങ്ങളുടെ താല്പര്യങ്ങൾ കൂടുതൽ ഉറപ്പിച്ചെടുക്കുകയാണ് ചെയ്യുന്നതു്.

## ഭാഷാനയം

സ്വാതന്ത്ര്യത്തിൻെറ സംഭാവനയായി നമ്മുടെ വിദ്യാഭ്യാസരംഗത്തിനു കിട്ടിയ മറെറാരു പ്രശ്നമാണ് ഭാഷ. ത്രിഭാഷാപദ്ധതിയെന്ന ഏർപ്പാടു കൂടിയായപ്പോൾ നേരത്തെതന്നെ പുസ്തക മാത്രമായ വിദ്യാഭ്യാസം ഭാഷാപഠനമാത്രവുമായിത്തീർന്നു. ദേശീയോൽഗ്രഥനം സാംസ്കാരിക ഏകീകരണം തുടങ്ങിയ ദേശീയ ലക്ഷ്യങ്ങൾക്കു് ഇതു് അനുയോജ്യമാകും എന്നാണ് സർക്കാർ പറയുന്നതു്. വാസ്തവത്തിലെന്തു് ദേശീയോൽഗ്രഥനം നാം നേടിയെന്ന് ആന്ധ്രയും

ആസ്സാമും തുറന്നു കാട്ടുന്നു. വിദ്യാഭ്യാസത്തിൻെറ പ്രാഥമിക ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു തരത്തിലും സാധൂകരിക്കാനാവാത്ത ഒരു പദ്ധതിയാണിതു്. പ്രാഥമിക നിലവാരംതൊട്ടു് രണ്ടോ മൂന്നോ ഭാഷകഠം പഠിക്കാൻ നിർബ്ബന്ധിതരാവുന്ന വിദ്യാർത്ഥികഠംക്കു് അവ പഠിക്കുവാനല്ലാതെ വിദ്യാഭ്യാസംകൊണ്ടു് അവശ്യം കിട്ടേണ്ട അറിവു് കിട്ടില്ലെന്നുള്ളതാണു് സത്യം. പഠിക്കുന്ന ഭാഷകളിലാകട്ടെ, സെക്കൻററി നിലവാരം കടന്നാൽ കൂടിയും പ്രയോഗക്ഷമമായ പരിജ്ഞാനം നേടുവാൻ വിദ്യാർത്ഥികഠംക്കു് സാദ്ധ്യമല്ലാത്തതരത്തിലാണു് അദ്ധ്യാപന സമ്പ്രദായം. സർവ്വകലാശാലാ നിലവാരം വരെയുള്ള ബോധന മാദ്ധ്യമം മാതൃഭാഷയായിരിക്കണമെന്ന ആവശ്യം ബൂർഷ്വാ വിദ്യാഭ്യാസ വിചക്ഷണന്മാർ തന്നെ ആവർത്തിച്ചു് ഉന്നയിച്ചിട്ടും പ്രസ്തുത ആവശ്യം ഇന്നും വനരോദനമായി അവശേഷിക്കുകയാണു്.

വിദ്യാഭ്യാസത്തിൻെറ മൂന്നു തലങ്ങളിലും വർഗ്ഗതാല്പര്യപരമായ വ്യത്യാസം എന്തുതന്നെയായാലും മൂന്നിലും ഒന്നുപോലെ കാണാവുന്ന ഒരു പ്രത്യേകത സാർവ്വത്രികമായ നിലവാരത്തകർച്ചയാണു്. പ്രൈമറി തലത്തിൽ രക്ഷിതാക്കളുടെ സാമ്പത്തിക വൈഷമ്യങ്ങളും, കെട്ടിടങ്ങളുടെയും ഉപകരണങ്ങളുടെയും അഭാവവും, നിലവാരം ഇടിയുന്നതിനു് കാരണമെങ്കിൽ സെക്കൻററി, സർവ്വകലാശാലാ തലങ്ങളിൽ മുഖ്യമായും സ്വകാര്യക്കുത്തകയും ഉദ്യോഗസ്ഥ മേധാവിത്വവുമാണു് ഇതിനു് ഉത്തരവാദിയാകുന്നതു്. ഇവ രണ്ടും ജാതിമതമേധാവിത്വത്തിനു് വിധേയമാണുതാനും. ചെറിയ തോതിലുള്ള പരിഷ്ക്കാര നടപടികളെപ്പോലും മതമേധാവിത്വം പൊറുപ്പിക്കുകയില്ല. ബഹുജനാഭിപ്രായത്തിൻെറ സമ്മർദ്ദംകൊണ്ടു് കൊണ്ടുവരുന്ന പരിഷ്ക്കാരങ്ങഠം തന്നെ ഭരണ വർഗത്തിൻെറ ആത്മാർത്ഥതയില്ലായ്മകൊണ്ടും യാഥാസ്ഥിതിക ചിന്താഗതികളുടെ എതിർപ്പുമൂലവും ഉപേക്ഷിക്കപ്പെടുന്നതായിട്ടാണു് ഇന്നുവരെ നാം കണ്ടുവരുന്നതു്. കേരളത്തിലുണ്ടായ ഫീസ്സേകീകരണസംരംഭം അതിൻെറ ഏററവും ഒടുവിലത്തെ ഉദാഹരണമാണു്.

## തൊഴിലില്ലായ്മ

ഇങ്ങനെ എല്ലാതരത്തിലും കാലഹരണപ്പെട്ട കഴിഞ്ഞ, യാന്ത്രികമായ ഒരു വിദ്യാഭ്യാസ ക്രമത്തിൻെറ ചാല്യകം താണ്ടി ജീവിതത്തിലേക്ക കടക്കുന്നവരുടെ സ്ഥിതി അതിലും ശോചനീയ മാണ്. ശരീരമനങ്ങാതെ 'കടലാസ്സുപണി'യിലൂടെ ഭദ്രമായ ഒരു ജീവിതമാർഗം സ്വപ്നം കണ്ടുകൊണ്ടാണ് അവർ കലാശാലകളിൽ നിന്നും പുറത്തു വരുന്നതു്. പക്ഷെ, അവരെ ആകമാനം ഗ്രസി ക്കാൻ വായും പിളർന്നു നില്ക്കുന്ന തൊഴിലില്ലായ്മ എന്ന ഉഗ്രഭൂത ത്തിൻെറ മുമ്പിലാണവർ അകപ്പെടുന്നതു്. നമ്മുടെ വിദ്യാഭ്യാസ പ്രശ്നത്തോളം തന്നെ ഗുരുതരമായ തൊഴിലില്ലായ്മ പ്രശ്നത്തി ലേക്ക കടക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും വൈ ദ്യശാസ്ത്രത്തിലും എഞ്ചിനീയറിംഗിലും ബിരുദങ്ങൾ നേടിയവ രിൽ തൊഴിൽ ലഭിക്കാതെ അലയുന്നവരുടെ സംഖ്യ ശലക്ഷക്കണ ക്കിനാണെന്നു പറഞ്ഞാൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എത്ര ഭീകരമാണെന്നു് അനുമാനിക്കാമല്ലോ. പരമദയനീയമായ ഈ അവസ്ഥ വിദ്യാർത്ഥി സമൂഹത്തിൽ മൊത്തത്തിലുളവാക്കുന്ന മോഹ ഭംഗത്തിൻെറ ആഴം ഊഹിക്കാവുന്നതേയുള്ള. എല്ലാം കൂടിച്ചേർന്നു് സ്ഫോടനാത്മകമായ ഒരു അവസ്ഥാ വിശേഷം സൃഷ്ടിക്കാൻ പോ വുകയാണെന്നു് ബൂർഷ്വാ നേതാക്കന്മാർ തന്നെ വിലപിച്ചു തുടങ്ങി യിട്ടുണ്ടു്.

ഇങ്ങനെ മുതലാളിത്ത താല്പര്യങ്ങളിൽ പടുത്തുയർത്തിയ ഒരു സാ മൂഹ്യ വ്യവസ്ഥയ്ക്കകത്തു് അതേ താല്പര്യങ്ങളുടെ തന്നെ തടവറയില കപ്പെട്ട ഒന്നാണ് നമ്മുടെ വിദ്യാഭ്യാസരംഗം. ജീർണമായ ഫ്യൂഡൽ ചട്ടക്കൂടാണ് അതിനുള്ളതു്. പഴകിത്തുരുമ്പിച്ച ഈ ചട്ടക്കൂട്ട് പൊ ളിച്ചു മാററുന്നതിലൂടെ മാത്രമേ പ്രശ്നങ്ങൾ ആത്യന്തികമായി പരി ഹരിക്കപ്പെടുകയുള്ള.

# വിദ്യാഭ്യാസ സംവിധാനം വരേണ്യ വർഗത്തിനുവേണ്ടി

മറെറല്ലാ മേൽപുരകളേയുംപോലെ വിദ്യാഭ്യാസവും അടിത്തറയെ പ്രതിഫലിപ്പിക്കുന്നു. അതുകൊണ്ടു് ഒരു വർഗ സമുദായത്തിലെ വിദ്യാഭ്യാസപരമായ വളർച്ചയുടെ ടെൻഡ് മനസ്സിലാക്കണമെങ്കിൽ ആ സമുദായത്തെ നിയന്ത്രിക്കുന്ന ഭരണാധികാരികളുടെ പ്രഖ്യാപനങ്ങൾ മാത്രം വിശ്വസിച്ചാൽ പോരാ, മറിച്ച് ആ സമുദായത്തിലെ സാമൂഹ്യ–സാമ്പത്തിക വികാസത്തിന്റെ വിതാനം ഏതെന്നു കൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസരംഗത്തെ വളർച്ചയുടെ അന്തർധാരകൾ മനസ്സിലാക്കണമെങ്കിൽ ഇവിടത്തെ ഭരണകൂടത്തിന്റെ വർഗ സ്വഭാവം വിലയിരുത്തണമെന്നു ചുരുക്കം. അതായതു് അവരുടെ വർഗ നയങ്ങളുടെ ഒരു കണ്ണാടിയായിരിക്കും വിദ്യാഭ്യാസ സമ്പ്രദായവും.

ഇൻഡ്യയിലെ ഭരണകൂടം വൻകിട മുതലാളിമാർ നയിക്കുന്നതാണെന്നും, ആ ഭരണ കൂടത്തിൽ ജന്മിത്വത്തിനു് പങ്കു് ഉണ്ടെന്നും; ആ ഭരണകൂടമാകട്ടെ വിദേശ മുടക്കുമുതലുമായി കൂട്ടുകൂടി കൊണ്ടിരിക്കുന്നതാണെന്നും മാർക്സിസം—ലെനിനിസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തിക്കഴിഞ്ഞിട്ടുണ്ടു്. ഇങ്ങനെ വൻകിട മുതലാളിമാരാൽ

നയിക്കപ്പെടുന്ന ബൂർഷ്വാ—ഭൂവുടമ സർക്കാരിൻെറ നയങ്ങളുടെ പ്രതിഫലനം ഇൻഡ്യൻ വിദ്യാഭ്യാസരംഗത്തും പ്രകടമാണ്.

ഇൻഡ്യയിലെ ഭരണാധികാരികൾക്ക് തങ്ങളുടെ ഭരണയന്ത്രം ചലിപ്പിക്കുന്നതിന് കുറേ ക്ലാർക്കന്മാരെ വേണം. പൊതുമേഖലാ വ്യവസായങ്ങളിലും സ്വകാര്യ മേഖലാ വ്യവസായങ്ങളിലും ജോലി ചെയ്യുന്നതിന് കുറെ സാങ്കേതിക വിദഗ്ധർ അത്യന്താപേക്ഷിതമാണ്. അവരെ വാർത്തെടുക്കാനുള്ള ഒരു സംവിധാനം ആണ് വിദ്യാഭ്യാസ രംഗത്ത് തയ്യാറാക്കിയിരിക്കുന്നത്. ഇത് കൊളോണിയൽ വിദ്യാഭ്യാസ പദ്ധതിയുടെ തുടർച്ചയല്ലേ എന്ന ചോദ്യമുയരാം. എന്നാൽ അത്തരം ചോദ്യമുന്നയിക്കുന്നവർ കൊളോണിയൽ വിദ്യാഭ്യാസമാകുന്ന മരത്തിനു പിന്നിൽ നിന്നുകൊണ്ട് യാഥാർത്ഥ്യമാകുന്ന കാട് കാണാത്തവരാണ്. എന്തുകൊണ്ടെന്നാൽ, സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ വ്യാവസായിക രംഗത്തുണ്ടായ വളർച്ചക്കനുസൃതമായി കുറേയേറെ സാങ്കേതിക വിദഗ്ധന്മാർ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൊളോണിയൽ വിദ്യാഭ്യാസ കാലത്ത് ഇത്രയധികം സാങ്കേതിക വിദഗ്ധന്മാർ ആവശ്യമുണ്ടായിരുന്നില്ലല്ലോ? ഐ. ഐ. ടി. യിൽ നിന്നും മററും പുറത്തു വരുന്ന വിദ്യാർത്ഥികൾ പുതിയ വ്യവസ്ഥയുടെ പ്രതീകമാണെന്ന കാര്യം നാം വിസ്മരിക്കരുത്.

എന്നാൽ ഭരണാധികാരികൾക്കാവശ്യമുള്ള ക്ലാർക്കന്മാർക്കും, സാങ്കേതികവിദഗ്ധന്മാർക്കും ഒരു പരിധിയുണ്ട്. ആ പരിധിവരെ വിദ്യാഭ്യാസം സിദ്ധിച്ചവരെയേ അവർക്കാവശ്യമുള്ളു. അതിൽ കൂടുതൽ പേർക്ക് വിദ്യാഭ്യാസം കൊടുക്കാൻ അവർക്ക് അശേഷം താല്പര്യമില്ല. അതുകൊണ്ടാണ് നിരക്ഷരരുടെ 'സംഖ്യ ഇൻഡ്യയിൽ പെററു പെരുകി കൊണ്ടിരിക്കുന്നത്. ഏററവും ഒടുവിലത്തെ കാനേഷുമാരി കണക്കനുസരിച്ച് എഴുതാനും വായിക്കാനും അറിയാത്തവരുടെ സംഖ്യ 38.6 കോടി ആയി ഉയർന്നിരിക്കുകയാണല്ലോ. അഞ്ചാം പഞ്ചവത്സരപദ്ധതി കഴിഞ്ഞാലും ഈ നിലയിൽ പറയത്തക്ക മാററമൊന്നും വരില്ലന്നാണ് അഞ്ചാം പഞ്ചവത്സരപദ്ധതിയുടെ സമീപനരേഖയിൽ നിന്നു് മനസ്സിലാക്കാൻ കഴിഞ്ഞതു്.

ഇങ്ങനെ തങ്ങളുടെ വർഗ താല്പര്യമനുസരിച്ചുള്ള വിദ്യാഭ്യാസ പദ്ധതിക്ക് രൂപം നൽകിയതു് കാരണം ബഹുജന വിദ്യാഭ്യാസത്തെ ഇൻഡ്യൻ ഭരണാധികാരികൾ ഭയപ്പെടുകയാണു്. പണക്കാരും പാവപ്പെട്ടവരും തമ്മിലുള്ള വിടവു് പദ്ധതികൾ കഴിയുംതോറും വർദ്ധിക്കുന്നതുപോലെ വിദ്യാസമ്പന്നരും വിദ്യാഭ്യാസമില്ലാത്തവരും തമ്മിലുള്ള വിടവു് വർഷംതോറും കൂടിവരികയാണു്. വദ്ധിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസചിലവിന്റെയും മററും ഫലമായി സാധാരണക്കാരുടെ കുട്ടികൾക്കു മുമ്പിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ വാതിലുകൾ കൊട്ടിയടക്കപ്പെട്ടിരിക്കുകയാണു്. പ്രസിദ്ധ സാമ്പത്തിക വിദഗ്ദ്ധനായിരുന്ന പ്രൊ: മഹലനോബിസ് പറയുന്നതു് ശ്രദ്ധിക്കുക. "മുകൾത്തട്ടിലിരിക്കുന്ന ഒരു പിടി ആളുകളുടെ അധികാരവും പ്രത്യേകാവകാശങ്ങളും പരിരക്ഷിക്കപ്പെടുക മാത്രമല്ല, അരക്കിട്ടുറപ്പിക്കുക കൂടിയാണു്.......തങ്ങൾ അലങ്കരിക്കുന്ന സ്ഥാനവും അനുഭവിക്കുന്ന അധികാരവും നിലനിത്താൻ സ്വാഭാവികമായി ആഗ്രഹിക്കുന്ന സ്വാധീനശക്തിയുള്ള ഒരു കൂട്ടം ആളുകളെ ഇതു സൃഷ്ടിക്കുന്നു".

അധികാരവും പ്രതാപവുമുള്ള ന്യൂനപക്ഷക്കാരുടെ കുട്ടികൾക്കാണു് ഇവിടെ പ്രധാനമായും വിദ്യാഭ്യാസം ലഭിച്ചതു്. കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും വ്യാവസായിക തൊഴിലാളികളുടെയും കുട്ടികളാണു് നിരക്ഷരരുടെ പട്ടികയിൽ ഭൂരിപക്ഷം സ്ഥലം കരസ്ഥമാക്കിയിരിക്കുന്നതു്. അവക്കു് ഉന്നതവിദ്യാഭ്യാസം ഇപ്പോഴും ബാലികേറാമലയാണു്. ഈ വാദഗതി ശരിയാണെങ്കിൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ സാമ്പത്തികമായി പിന്നണിയിൽ കിടക്കുന്ന കുടുംബങ്ങളിൽ നിന്നുവരുന്ന കുട്ടികൾക്കു് ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതു് എങ്ങനെയാണെന്ന ചോദ്യമുയർന്നു വരാം. സാമ്പത്തികമായി പിന്നണിയിൽ കിടക്കുന്ന കുടുംബങ്ങളിൽപ്പെട്ട പ്രതിഭാശാലികളായ അപൂർവ്വം പേർക്കു് വിദ്യാഭ്യാസം ലഭിക്കുന്നു എന്നതു് അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണു്. പക്ഷേ, അവരെ സാമ്പത്തികമായി മുന്നണിയിൽ കിടക്കുന്നവരോടൊപ്പം ഉയർത്തി കൊണ്ടുവന്നു് ഭരണകൂടത്തിന്റെ വക്താക്കളാക്കി മാററുക

യാണ് ബൂർഷ്വാസി ചെയ്യുന്നത്. 120 വർഷങ്ങൾക്കു മുമ്പുതന്നെ കാറൽമാർക്സ് പറഞ്ഞതു് ഭരണീയ വർഗ്ഗത്തിലെ അറിയപ്പെടുന്ന ആളുകളെ സ്വന്തം അണിയിലേക്ക് കൊണ്ടുവരാൻ എത്രത്തോളം ബൂർഷ്വാസി ശ്രമിക്കുന്നോ, അത്രത്തോളം ആ ബൂർഷ്വാസി അപകടകാരിയാണെന്നാണ്. അതു് ശരിയാണെന്നാണ് ഇൻഡ്യൻ അനുഭവം തെളിയിക്കുന്നതു്.

എങ്ങനെയാണ് ഇൻഡ്യൻ ഭരണാധികാരികൾ വിദ്യാഭ്യാസരംഗത്തു് ഒരു വരേണ്യ വർഗത്തെ സൃഷ്ടിച്ചതെന്നും ഇനിയങ്ങോട്ടു് അവർ സ്വീകരിക്കാൻ പോകുന്ന നയങ്ങളെന്തൊക്കെയാണെന്നും പരിശോധിക്കാം.

## പ്രാഥമിക വിദ്യാഭ്യാസം അവഗണിച്ചു

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ചെലവിൽ സർവ്വകലാശാലാ വിദ്യാഭ്യാസം വളന്നു വികസിക്കുകയാണ് ചെയ്തതു്. സാർവ്വത്രികമായ വിദ്യാഭ്യാസമെന്ന മുദ്രാവാക്യം കുഴിച്ചു മൂടപ്പെട്ടിരിക്കുന്നു. 1960 ആകുമ്പോഴേക്കും നിർബ്ബന്ധിതവും സാർവ്വത്രികവും ആയ സൗജന്യ വിദ്യാഭ്യാസം നൽകുമെന്ന ഭരണഘടനാ വാഗ്ദാനംപോലും നടപ്പാക്കുന്നതിൽ ഭരണാധികാരികൾ പരാജയപ്പെട്ടുപോയിരിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസത്തെ അവഗണിച്ചുതള്ളിയതാണ് ഇതിനു മുഖ്യമായ കാരണം. ഓരോ തലത്തിലും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതിന്റെ ശതമാനം പരിശോധിച്ചാൽ ഇതു് വ്യക്തമാകും.

വാർഷികപ്രവേശനത്തിന്റെ വർദ്ധനനിരക്ക് (ശതമാനം)

| | ഒന്നാം പദ്ധതി | രണ്ടാം പദ്ധതി | മൂന്നാം പദ്ധതി |
|---|---|---|---|
| പ്രൈമറി | 5.6 | 6.8 | 7.8 |
| മിഡിൽ | 5 3 | 9.3 | 15.0 |

| | | | |
|---|---|---|---|
| സെക്കൻററി | 9.0 | 9.0 | 12.5 |
| യൂണിവേഴ്സിററി (എഞ്ചിനീയറിംഗ് ഒഴികെ) | 11.4 | 9.6 | 10.8 |
| പോസ്റ്റ് ഗ്രാഡ്വേററ് | 9.7 | 12.7 | 11.1 |

പ്രാഥമിക വിദ്യാഭ്യാസത്തിനു പ്രാധാന്യം കൊടുത്തിരുന്നെന്നു പറയുന്ന നാലാം പഞ്ചവത്സര പദ്ധതിയിലും പ്രാഥമിക വിദ്യാഭ്യാസത്തിന് മുൻകൊല്ലത്തേക്കാൾ കൂടുതലായി 4.3 ശതമാനം വർദ്ധനവേ പ്രതീക്ഷിച്ചിരുന്നുള്ളു. പക്ഷേ സർവ്വകലാശാലാ വിദ്യാഭ്യാസരംഗത്ത് പ്രതീക്ഷിച്ചിരുന്ന വർദ്ധനവ് 9.9 ശതമാനമായിരുന്നു. ഇന്ത്യയേക്കാൾ 8 മുതൽ 10 ശതമാനം വരെ വരുമാനക്കൂടുതലുള്ള കൊറിയ, സിങ്കപ്പൂർ, ഫിലിപ്പൈൻസ് തുടങ്ങിയ രാജ്യങ്ങളെക്കാൾ സർവ്വകലാശാലാ വിദ്യാഭ്യാസത്തിന് ഇവിടെ പ്രാമുഖ്യം നൽകിയിരുന്നു. ഇങ്ങനെ വികസ്വര രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യക്ക് പ്രത്യേകതതന്നെയുണ്ട്.

വിവിധതലങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന തുകയുടെ അനുപാതം നോക്കിയാലും സർവ്വകലാശാലാ വിദ്യാഭ്യാസത്തിന് കൊടുക്കുന്ന പ്രാധാന്യം മനസ്സിലാക്കാം.

താഴെകൊടുക്കുന്ന പട്ടിക അതിനുനേരെ വിരൽ ചൂണ്ടുന്നു.

വിദ്യാഭ്യാസച്ചെലവ് വിവിധ പദ്ധതികളിൽ

(ശതമാനക്കണക്കിൽ)

| | ഒന്നാം പദ്ധതി '51-56 | രണ്ടാം പദ്ധതി '56-61 | മൂന്നാം പദ്ധതി '61-66 | ഏകവത്സര പദ്ധതിക്കാലം '66-69 | നാലാം പദ്ധതിയിൽ (മതിപ്പ്) |
|---|---|---|---|---|---|
| എലിമെൻററി | 56 | 35 | 30 | 20 | 28.5 |
| സെക്കൻററി | 13 | 19 | 18 | 16 | 14.4 |
| യൂണിവേഴ്സിററി | 9 | 18 | 19 | 27 | 24.9 |
| സാങ്കേതികം | 13 | 18 | 21 | 25 | 15.2 |

ഒരു വിദ്യാർത്ഥിക്ക് പ്രാഥമിക വിദ്യാഭ്യാസം നടത്തുന്നതിന് ചെലവാക്കുന്നതിനേക്കാൾ 11 ഇരട്ടി ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിന്ന് ഒരു അണ്ടർ ഗ്രാഡ്വേററിനെ പുറത്തിറക്കുന്നതിനു വേണ്ടിവരുമെന്ന് കണക്കാക്കിയിരിക്കുന്നു. ഒരു പോസ്റ്റ് ഗ്രാഡ്വേററ് വിദ്യാർത്ഥിയെ പുറത്തിറക്കുന്നതിന് അതിന്റെ 34 ഇരട്ടി വേണ്ടിവരുമെന്നും കണക്കാക്കിയിട്ടുണ്ട്. എന്നിട്ടും സർവ്വകലാശാലാ വിദ്യാഭ്യാസത്തിനുതന്നെ പ്രാധാന്യം നൽകുകയാണ് ഭരണാധികാരികൾ.

ഭാഗ്യവാന്മാരായ ഒരു ന്യൂനപക്ഷത്തിന്റെ കുത്തക ഉന്നത വിദ്യാഭ്യാസരംഗത്ത് നിലനിർത്തുന്നതിനുവേണ്ടിയാണ് ഈ നിലയിലുള്ള ആസൂത്രണം വിദ്യാഭ്യാസരംഗത്ത് നടപ്പാക്കിയത്. ഒന്നാം പദ്ധതിയുടെ ആരംഭത്തിൽ ഇന്ത്യയിലെ വിവിധ വർഗങ്ങളിൽപെട്ട ജനങ്ങൾക്ക് വിദ്യാഭ്യാസത്തിന്റെ കാര്യത്തിലുണ്ടായിരുന്ന വ്യത്യാസം താഴെ കൊടുക്കുന്ന പട്ടിക വ്യക്തമാക്കുന്നു.

1951-ൽ സാക്ഷരതാനിരക്ക് ശതമാനം, ഉപജീവനമാർഗത്തിന്റെ അടിസ്ഥാനത്തിൽ.

(എല്ലാ പ്രായക്കാർക്കും)

| | ആൺ | പെൺ |
|---|---|---|
| കർഷകവിഭാഗങ്ങളെല്ലാംകൂടി | 20 | 4 |
| എ. പൂർണ്ണമായോ പ്രധാനമായോ കൃഷി ചെയ്യുന്നവരും അവരുടെ ആശ്രിതരും. | 22 | 4 |
| ബി. പൂർണ്ണമായോ പ്രധാനമായോ സ്വന്തമായി ഭൂമിയില്ലാത്ത കൃഷിക്കാരും അവരുടെ ആശ്രിതരും. | 17 | 5 |
| സി. കർഷകത്തൊഴിലാളികളും അവരുടെ ആശ്രിതരും. | 10 | 3 |
| ഡി. സ്വന്തമായി കൃഷി ചെയ്യാത്ത ഭൂമിയുള്ളവരും അവരുടെ ആശ്രിതരും. | 48 | 20 |

| | | |
|---|---|---|
| കർഷകേതര വിഭാഗങ്ങാം എല്ലാം കൂടി (ആശ്രിതരുാംപ്പെടെ) | 40 | 17 |
| ഇ. കൃഷിക്ക പുറമെയുള്ള ഉല്പാദനത്തിൽ നിന്നു്. | 32 | 11 |
| എഫ്. വാണിജ്യം | 52 | 23 |
| ജി. ട്രാൻസ്പോർട്ടു് | 42 | 22 |
| എച്ച്. മററു സർവ്വീസുകളും മാർഗ്ഗങ്ങളുംവഴി | 41 | 19 |
| ആകെ ജനസംഖ്യ. | 32 | 8 |

ഇപ്പോഴും ഈ സ്ഥിതിയിൽ പറയത്തക്ക മാററങ്ങളൊന്നുമുണ്ടായിട്ടില്ല. അണ്ടർ ഗ്രാഡ്വേററിന്റെ വലിയ ശതമാനവും നാട്ടിൻ പുറങ്ങളിലെയും നഗരങ്ങളിലെയും ഉയർന്ന വരുമാനമുള്ളവരുടെ മക്കാംക്കാണു് ലഭിക്കുന്നതെന്നു് 1964-66 ലെ വിദ്യാഭ്യാസ കമ്മീഷൻ തന്നെ വ്യക്തമാക്കിയിട്ടുണ്ടു്. ഇങ്ങനെ വിദ്യാഭ്യാസത്തിനു് തുല്യാവസരം നൽകുന്ന കാര്യത്തിൽ ഇതുവരെയുള്ള നമ്മുടെ പദ്ധതികാം ദയനീയമായി പരാജയപ്പെടുകയാണുണ്ടായതു്. വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ വലിയഭാഗവും കൊയ്തെടുക്കുന്നതു് ഉയർന്ന വരുമാനമുള്ളവരുടെ ഗ്രൂപ്പാണെന്നു വളരെയേറെ വ്യക്തമാണു്. അഞ്ചാം പഞ്ചവത്സരപദ്ധതിയുടെ സമീപന രേഖയിൽ ഇക്കാര്യം സമ്മതിച്ചിട്ടുണ്ടു്.

"കഴിഞ്ഞ 25 വർഷക്കാലം നമ്മുടെ ഊന്നൽ മുഖ്യമായും വിദ്യാഭ്യാസ സൗകര്യങ്ങാം വിപുലപ്പെടുത്തുന്നതിലും അവസരസമത്വം ഉറപ്പു വരുത്തുന്നതിലുമായിരുന്നു. എന്നാൽ ഇവിടെയും 45-ാം ഖണ്ഡികയിലെ മാർഗ നിർദ്ദേശം പൂർണ്ണമായി നടപ്പാക്കാൻ നമുക്കു് കഴിഞ്ഞിട്ടില്ല; സെക്കണ്ടറി ഉന്നതല വിദ്യാഭ്യാസ സൗകര്യങ്ങാം സമൂഹത്തിലെ പിന്നണി വിഭാഗങ്ങളിൽ വലിയൊരു വിഭാഗത്തിനു ലഭിച്ചിട്ടില്ല..... നിലവാരം നിരന്തരം മെച്ചപ്പെടുത്തുന്നതിലാണു് നാം ഇപ്പോാം ശരിക്കും ഊന്നേണ്ടതു്.

ഇക്കാര്യം എൻ. സി. ഈ. ആർ നടത്തിയ ഒരു സർവ്വേയും വെളിപ്പെടുത്തിയിട്ടുണ്ടു്. നമ്മുടെ ജനസംഖ്യയിൽ മേലേക്കിടയിൽ

കിടക്കുന്ന 20 ശതമാനം ആളുകളുടെ വീടുകളിൽ നിന്നാണ് 80 ശതമാനം കുട്ടികളും കോളേജുകളിലേക്ക് വരുന്നതെന്നാണ് അവരുടെ സർവ്വേ തെളിയിച്ചത്.

ഇങ്ങനെ താഴ്ന്ന വരുമാനക്കാരുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നിഷേധിച്ചും, ഭാഗ്യവാന്മാരായ ഉയർന്ന വരുമാനക്കാരുടെയിടയിൽ നിന്നൊരു വരേണ്യ വർഗത്തെ വളർത്തിയെടുത്തും വിദ്യാഭ്യാസ രംഗത്ത് തങ്ങളുടെ സ്ഥാപിത താല്പര്യമുറപ്പിച്ചുപോന്ന ഇൻഡ്യൻ ഭരണാധികാരികൾ തങ്ങളുടെ നയത്തിൽനിന്ന് അണുവിട വ്യതിചലിക്കാൻ പോകുന്നില്ലെന്നതിന്റെ തെളിവാണ് അഞ്ചാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖ. പ്രസ്തുത രേഖയിലെ നിദ്ദേശങ്ങൾ പരിശോധിച്ചാൽ അത് പകൽവെളിച്ചം പോലെ വ്യക്തമാകും. താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് പ്രസ്തുത രേഖയിൽ പ്രധാനമായും ഉന്നയിച്ചിരിക്കുന്നത്.

**പ്രൈമറി ഘട്ടം:-**

ഓരോ ബ്ളോക്കിലും 300 വീതം വിദ്യാർത്ഥികളുള്ള ഒരു മോഡൽ സ്കൂൾ. അതിൽ 50 ശതമാനം വിദ്യാത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തും. 25 ശതമാനം വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യവും സൗജന്യ ഭക്ഷണവും, യൂനിഫോമും, വായിക്കാനുള്ള പുസ്തകങ്ങളും മററും അനുവദിക്കും. സമുദായത്തിൽ സാമ്പത്തികമായും സാമൂഹ്യമായും പിന്നണിയിൽ കിടക്കുന്നവരിൽ 25 ശതമാനം പേർക്ക് മോഡൽ സ്കൂളുകളിൽ റിസർവ്വേഷൻ ഏർപ്പെടുത്തും. ചില ടെസ്റ്റുകൾ നടത്തി വിദ്യാർത്ഥികളുടെ ബുദ്ധി പരീക്ഷിച്ചാണ് സ്കൂളുകളിൽ പ്രവേശനം അനുവദിക്കുക. എൻ. സി. ഈ. ആർ. ടി. ആയിരിക്കും കരിക്കുലം നിശ്ചയിക്കുക: എൻ. സി. ഈ. ആർ. ടി. കരിക്കുലം തയ്യാറാക്കുന്നതുവരെ സെൻട്രൽ സ്കൂളിൽ തുടർന്നു പോരുന്ന കരിക്കുലം സ്വീകരിക്കുന്നതാണ്.

**സെക്കൻണ്ടറി ഘട്ടം:-**

1) ഓരോ ജില്ലയിലും 840 സീററുകളുള്ള ഓരോ മോഡൽ സെക്കൻണ്ടറി സ്കൂൾ മററുപാധികളെല്ലാം മോഡൽ പ്രൈമറി സ്കൂളി

ലേതു തന്നെ. 50 ശതമാനം വിദ്യാർത്ഥികൾക്ക് കൊല്ലത്തിൽ 100 രൂപ വീതം ഫീസ് കൊടുക്കേണ്ടി വരും.

2) 10 ശതമാനം സ്കൂളുകൾ ഓപ്ടിമം ലവലിലേക്കുയർത്തുന്നതാണ്.

3) നിലവാരമുയർത്തുന്നതിന് നിലവിലുള്ള 44 ശതമാനം സ്കൂളുകൾക്ക് നാമമാത്രമായ സാഹായം നൽകും.

4) നിലവിലുള്ള 46 ശതമാനം സ്കൂളുകൾക്ക് ഒരു സഹായവും ലഭിക്കുകയില്ല.

## യൂണിവേഴ്സിററി ഘട്ടം:-

1) ഏററവും ചുരുങ്ങിയതു് 5 ശതമാനം കോളേജുകൾക്കെങ്കിലും സ്വയംഭരണാവകാശമനുവദിക്കുന്നതാണ്.

2) നിലവിലുള്ള 10 ശതമാനം കോളേജുകൾ തീവ്രമായ വളർച്ചക്ക്(Intensive development) വേണ്ടി തിരഞ്ഞെടുക്കുന്നതാണ്

3) ഒരു നിശ്ചിത പ്രവേശനവും, നിലവാരവുമുള്ള 25 ശതമാനം കോളേജുകൾ ഓപ്ടിമം ലവലിലേക്കുയർത്തുന്നതാണ്.

4) നിലവിലുള്ള 60 ശതമാനം കോളേജുകൾക്ക് യാതൊരാനുകൂല്യവും ലഭിക്കുന്നതല്ല.

സ്വയംഭരണാവകാശമുള്ള സംഘടനയായിരിക്കും മോഡൽ സ്കൂളുകൾ നടത്തുക. അവയ്ക്കു് മൂന്നു ഘടകങ്ങളുണ്ടായിരിക്കും. [എ] നാഷണൽ കൗൺസിൽ [ബി] സ്റ്റേററ് മാനേജ്മെൻറ കമ്മിററി [സി] ലോക്കൽ അഡ്വൈസറി കമ്മിററി.

ഈ നിർദ്ദേശങ്ങളുടെ ഏററവും പിന്തിരിപ്പൻവശം നിലവാരമുയർത്തുന്നതിനു് 46% സെക്കൻണ്ടറി സ്കൂളുകളേയും 60% സ്കൂളുകളേയും ഒഴിച്ചു നിർത്തിയിരിക്കുന്നു എന്നതാണ്. ഇതു് ജനാധിപത്യ

വിരുദ്ധവും, വിവേചനാപരവുമായ നടപടിയാണു്. മോഡൽ സ്കൂളുകൾക്കും സ്വയംഭരണ കോളേജുകൾക്കും പ്രത്യേകം പദവി നൽകിയിരിക്കുന്നതുകൊണ്ടു് വിദ്യാഭ്യാസത്തിന്റെ മുഖ്യപ്രവാഹത്തിൽ നിന്നു് അവ ഒഴിച്ചു മാററപ്പെട്ടിരിക്കുകയാണു്. മോഡൽ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽതന്നെ പ്രവേശനം നിഷേധിക്കപ്പെടുന്നൊരു വിദ്യാർത്ഥിക്കു് പിന്നീടൊരിക്കലും പ്രത്യേക പദവി കല്പിച്ചുകൊടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാൻ കഴിയുന്നില്ല. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ സെൻട്രൽ സ്കൂളിൽനിന്നും മററും സൃഷ്ടിച്ചുവിടുന്നതുപോലെ ഒരു വരേണ്യ വർഗത്തേയാണു് സൃഷ്ടിച്ചുവിടുക. എന്തുകൊണ്ടെന്നാൽ ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പുറത്തു വരുന്നവർക്കായിരിക്കും ഉയർന്ന തലങ്ങളിൽ ജോലികളും മററും ലഭിക്കുക. ഇങ്ങനെ ആസൂത്രകർ 'എന്നു് പറയുന്നവർതന്നെ ഉന്നത വിദ്യാഭ്യാസത്തെ സമ്പന്നരായ ഒരു ന്യൂനപക്ഷത്തിന്റെ കുത്തകയാക്കി മാററാനാണു് ശ്രമിച്ചുകൊണ്ടിരിക്കുന്നതു്.

———

# അമേരിക്കൻ നുഴഞ്ഞുകയററം

# വിദ്യാഭ്യാസ രംഗത്ത്

ഇന്ത്യൻ വിദ്യാഭ്യാസ രംഗത്ത് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സ്വാധീനം ഏറിയേറിവരികയാണ്. തങ്ങളുടെ കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന സിദ്ധാന്തം വ്യാപകമായ നിലയിൽ പ്രചരിപ്പിക്കുക, ഇന്ത്യൻ ബുദ്ധിജീവികളുടെ തലച്ചോറിൽ പാശ്ചാത്യമുതലാളിത്ത പ്രത്യയശാസ്ത്രം കുത്തിവെക്കുക, ഇന്ത്യയിലെ ഇടതുപക്ഷപ്രസ്ഥാനങ്ങൾക്കെതിരായി യുദ്ധം ചെയ്യുക, ഇന്ത്യൻ ബുദ്ധിജീവികളെ തങ്ങളുടെ വിശ്വസ്തദാസന്മാരായി വളത്തിയെടുക്കുക—ഈ ഉദ്ദേശങ്ങളോടെയാണ് അമേരിക്ക ഇന്ത്യൻ വിദ്യാഭ്യാസ രംഗത്ത് കടന്നുകയറിയിരിക്കുന്നത്. അമേരിക്കയുടെ വിദ്യാഭ്യാസ രംഗത്തെ ആഗോള നയത്തിന്റെ ഭാഗമായ ഈ നുഴഞ്ഞു കയററം ഫലപ്രദമായി തടഞ്ഞില്ലെങ്കിൽ അതിന്റെ ഭവിഷ്യത്ത് ഗുരുതരമായിരിക്കും.

## മാർഗങ്ങൾ

അമേരിക്ക ഇന്ത്യൻ വിദ്യാഭ്യാസ രംഗത്ത് നുഴഞ്ഞു കയററം നടത്തുന്നത് പ്രധാനമായും മൂന്നു മാർഗങ്ങളിലൂടെയാണ്. (1) തങ്ങളുടെ കാഴ്ചപ്പാടിന്നനുസരിച്ച് ഇവിടുത്തെ റിസർച്ചുകൾ നടത്തുന്നതിനും മററു വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനും നൽകുന്ന സാമ്പത്തിക സഹായംവഴി (2) അദ്ധ്യാപകരേയും മററു വിദ്യാഭ്യാസപ്രവത്തകരേയും പരിശീലിപ്പിക്കുന്നതുവഴി (3) മഞ്ഞപ്പുസ്തകങ്ങൾ ഇറക്കുമതി ചെയ്യുന്നതിലൂടെയും സംയുക്ത ടെക്സ്റ്റ് പുസ്തക പരിപാടിയിലൂടെയും. ഈ മൂന്നു മാർഗങ്ങളിലൂടെയും എങ്ങനെയാണ് അമേരിക്ക ഇന്ത്യൻ വിദ്യാഭ്യാസരംഗത്ത് പ്രവത്തിക്കുന്നതെന്നു പരിശോധിച്ചുനോക്കാം.

അമേരിക്കയിൽനിന്നു് പൊതുനിയമം 480 വഴി ഗോതമ്പും അരിയും ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്നുണ്ടു്. അതിനുപകരമായി കൊടുക്കേണ്ട തുക അമേരിക്കയുടെ പേരിൽ ഇന്ത്യൻ ബാങ്കിൽ നിക്ഷേപിക്കുകയാണു് ചെയ്യുന്നതു്. അങ്ങിനെ ഇന്ത്യൻ ബാങ്കിൽ നിക്ഷേപിക്കപ്പെട്ട തുകയിൽ നല്ലൊരു ശതമാനം അവർ ഇന്ത്യൻ വിദ്യാഭ്യാസമേഖലയിലേക്കു തുറന്നുവിടുകയാണു്. യു. എസ്. എ. ഐ. ഡി. എന്ന സ്ഥാപനമാണു് ഇന്ത്യയിലേക്കു് പണമൊഴുക്കുന്ന മറെറാരേജൻസി. ഈ സ്ഥാപനമാകട്ടെ, ലോകത്തിലെ, പ്രത്യേകിച്ചു് ലാററിനമേരിക്കൻ രാജ്യങ്ങളിലെ ഇടതുപക്ഷപ്രസ്ഥാനത്തെ നശിപ്പിക്കാൻ ഇടതുപക്ഷചിന്തിരിപ്പന്മാരെയും പോലീസുദ്യോഗസ്ഥന്മാരെയും പരിശീലിപ്പിച്ചു വരുന്നുണ്ടെന്നതു് കുപ്രസിദ്ധമാണു്. ഈ രണ്ടു വഴികളിലൂടെയും ഗവൺമെൻറ് നിലവാരത്തിൽ അമേരിക്ക ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തു് കടന്നുവരുമ്പോൾ അമേരിക്കൻ കുത്തകമുതലാളിമാർ ഈ രംഗത്തേക്കു് കടന്നുവരുന്നതു് പ്രധാനമായും ഫൗണ്ടേഷനുകൾ വഴിയാണു്. അമേരിക്കയിൽ എല്ലാംകൂടി പന്തീരായിരം ഫൗണ്ടേഷനുകൾ ഉണ്ടു്. ഇന്ത്യയിൽതന്നെ സേവനത്തിനാണെന്നും പറഞ്ഞു് ഡാൻഫോർത്തു്, ഡ്യൂക്കു്, കൌലസ്, ഹാസ്സൻ, വാററുമൽ, ഫോർഡു്, റോക്കു്ഫെല്ലർ എന്നിങ്ങനെ നിരവധി ഫൗണ്ടേഷനുകൾ പ്രവർത്തിക്കുന്നുണ്ടു്. ഇതിൽ റോക്കു്ഫെല്ലർ ഫൗണ്ടേഷൻ ചൈനയിൽനിന്നു് അവരുടെ ആസ്ഥാനം 1949 ൽ ബാംഗ്ളൂരിലേക്കു് മാററുകയുണ്ടായി. ഇന്ത്യ ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയുമായി രംഗത്തിറങ്ങിയപ്പോഴാണു് ഈ ആസ്ഥാനം മാററൽ എന്നോർക്കേണ്ടതുണ്ടു്.

അമേരിക്കൻ ഗവൺമേണ്ടു് തലത്തിലും കുത്തക വഴിയായും ഭീമമായ തുക ചെലവാക്കുന്നതു് വലിയ പരീക്ഷണ ശാലകളിലും അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലുമാണു്. അദ്ധ്യാപകരെ തങ്ങൾക്കാവശ്യമായ വിധത്തിൽ പരിശീലിപ്പിച്ചെടുത്താൽ യുവതലമുറയെക്കൂടി തങ്ങളുടെ ആശയങ്ങളുമായി ബന്ധപ്പെടുത്താമല്ലോ. ഏതെങ്കിലും തരത്തിൽ അമേരിക്കൻ സഹായം കിട്ടാത്ത ഒരൊററ യൂണിവേഴ്സിററിപോലും ഇന്നു് ഇന്ത്യയിലില്ല.

## ഡൽഹി യൂണിവേഴ്സിററിയിൽ

പ്രധാനപ്പെട്ട ചില ഉദാഹരണങ്ങൾ പരിശോധിക്കാം. ഇന്ത്യയിലെ ഏററവും പ്രധാനപ്പെട്ട സർവ്വകലാശാലയാണ് ഡൽഹി സർവകലാശാല. പ്രസ്തുത സർവകലാശാല, ഭരണപരവും അല്ലാതെയുമുള്ള പരിഷ്ക്കാരങ്ങൾക്കുവേണ്ടി 1.5 ദശലക്ഷം ഡോളറും, ഗവേഷണത്തിനും പരിശീലനത്തിനുംവേണ്ടി 451000 ഡോളറും സഹായത്തിൻെറ പേരിൽ അമേരിക്കയിൽനിന്ന് സ്വീകരിക്കുകയുണ്ടായി. വീണ്ടും 1968-ൽ ലൈബ്രറി വികസനത്തിൻെറ പേരു പറഞ്ഞ് 1.5 ദശലക്ഷം ഡോളറും 1969-ൽ ശാസ്ത്ര കലാരംഗങ്ങളുടെ വികസനത്തിനുവേണ്ടി 450000 ഡോളറും ഡൽഹി സർവകലാശാല സ്വീകരിച്ചു. ഇങ്ങനെ 1967-നും 1969-നുമിടക്ക് 3.45 ദശലക്ഷം ഡോളർ ഡൽഹി സർവ്വകലാശാലക്കു് അമേരിക്ക ഗ്രാൻറ നൽകി. ഡൽഹി സർവ്വകലാശാലയിലെ സുഭാഷ് മുക്കർജിയുടെ ഒരു പ്രസിദ്ധീകരണത്തിൽ പ്രസ്തുത സർവ്വകലാശാലയിലെ അമേരിക്കൻ കടന്നു കയററത്തെപ്പററി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സി. ഐ. ഏ. യുമായി വളരെ അടുത്ത ബന്ധമുള്ള ബിർള ഇൻസ്ററിററ്യൂട്ട് ഓഫ് സയൻസ് ആൻറ് ടെക്നോളജിക്കു് ഫോർഡ് ഫൗണ്ടേഷനിൽ നിന്നും 3 ദശലക്ഷം ഡോളർ സഹായമായി ലഭിക്കുകയുണ്ടായി.

ഇന്ത്യൻ ബൂർഷ്വാസിക്കാവശ്യമുള്ള ഉദ്യോഗസ്ഥന്മാരേയും, മററു വിദഗ്ദരേയും സൃഷ്ടിച്ചുവിടുന്ന ഇൻസ്ററിററ്യൂട്ട് ഓഫ് പബ്ളിക് അഡ്മിനിസ്ട്രേഷൻ, ഇൻസ്ററിററ്യൂട്ട് ഓഫ് പാർലമെൻററി ആൻറ് കോൺസ്ററിററ്യൂഷനൽ സ്ററഡീസ്, ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് എഫേർസ് ഇന്ത്യൻ ഇൻസ്ററിററ്യൂട്ട് ഓഫ് പബ്ളിക് ഒപ്പീനിയൻ, ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്ററിററ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങൾക്കും അമേരിക്കൻ സ്വകാര്യസ്ഥാപനങ്ങളുടെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. സാമൂഹ്യ സാമ്പത്തിക പരീക്ഷണങ്ങൾക്കും, ഭരണപരമായ പരീക്ഷണങ്ങൾക്കും വേണ്ടി ഫോർഡ് ഫൗണ്ടേഷൻ 1951-'56 കാലഘട്ടത്തിൽ 364 കോടി രൂപാ ചെലവാക്കിയിട്ടുണ്ട്.

പ്രതിഭാശാലികളായ അദ്ധ്യാപകരെയും ബുദ്ധിജീവികളെയും തിരഞ്ഞുപിടിക്കുക; അവരെ ഉപരിപഠനത്തിനെന്നും പറഞ്ഞു് അമേരിക്കയിലേക്കു് കടത്തിക്കൊണ്ടുപോവുക: അങ്ങനെ കടത്തിക്കൊണ്ടുപോകുന്ന ആളുകളെ അമേരിക്കൻ തത്വശാസ്ത്രവുമായും അമേരിക്കൻ ജീവിതരീതിയുമായും ബന്ധപ്പെടുത്തുക – ഇത്തരം പരിപാടികൾ അമേരിക്ക വ്യാപകമായി ഇന്ത്യയിലും നടത്തിക്കൊണ്ടിരിക്കുകയാണു്. അമേരിക്കയിൽ നിന്നു് "ഉപരിപഠന"വും കഴിഞ്ഞു് തിരിച്ചെത്തുന്നവരൊക്കെ അമേരിക്കൻ സ്തുതിപാഠകന്മാരായും അവരുടെ പ്രചാരകന്മാരായും മാറുകയാണു് ചെയ്യുന്നതു്. അങ്ങനെ മാററിത്തീർക്കുകയാണു് തങ്ങളുടെ ഉദ്ദേശമെന്നു് പറയാൻ അമേരിക്കക്കാർക്കു് യാതൊരു മടിയുമില്ല. യാഥാസ്ഥിതിക സ്വഭാവമുള്ള ഒരു സ്ഥാപനം ഇറക്കിയ പ്രസിദ്ധീകരണത്തിൽ പറയുന്നു: "അമേരിക്കൻ സഹായങ്ങൾവഴി, സുഹൃത്തുക്കളെ ഉണ്ടാക്കാൻ മാത്രമല്ല, കോടിക്കണക്കിനു് വ്യക്തികളെയും വിഭാഗങ്ങളെയും അമേരിക്കൻ കാഴ്ചപ്പാടിൽ രൂപപ്പെടുത്താൻ കൂടിയാണു് അമേരിക്ക പരിശ്രമിക്കുന്നതു്. ഇങ്ങനെ കോടിക്കണക്കിനു് വ്യക്തികളെയും വിഭാഗങ്ങളെയും അമേരിക്കൻ കാഴ്ചപ്പാടിൽ രൂപപ്പെടുത്താൻ ഇവിടെ നിന്നു് കയററിക്കൊണ്ടുപോകുന്ന ഒരു സ്ഥാപനമാണു് യുനൈററഡ് സ്റ്റേററസ് എഡ്യൂക്കേഷൻ ഫൗണ്ടേഷൻ ഇൻ ഇന്ത്യ. ഇതൊരു സ്വകാര്യസ്ഥാപനമാണെന്നാണവകാശപ്പെടുന്നതെങ്കിലും ഇതു് അമേരിക്കൻ സ്റ്റേററ് ഡിപ്പാർട്ടുമെൻറിൻെറ ഒരു ഭാഗം തന്നെയാണു്.

## പുസ്തകങ്ങൾ വഴി

അമേരിക്കൻ ആശയങ്ങൾ ഇന്ത്യയിൽ വ്യാപകമായി പ്രചരിപ്പിക്കുവാനുള്ള മറെറാരുപാധിയാണു് പുസ്തകങ്ങൾ. എണ്ണമററ പുസ്തകങ്ങളാണു് അമേരിക്കയിൽ നിന്നു് ഇവിടെ ഇറക്കുമതി ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതു്. ഈ പുസ്തകങ്ങളുടെ ഉള്ളടക്കം തികച്ചും പിന്തിരിപ്പനാണു്. സോസ്യലിസത്തിൻ കീഴിൽ വ്യക്തിസ്വാതന്ത്ര്യം ഞെടിച്ചമർത്തപ്പെടുന്നു, സോഷ്യലിസ്റ്റ് സിദ്ധാന്തം തന്നെ കാലഹരണപ്പെട്ടുപോയിരിക്കുന്നു, പഴയ ഭാരതീയ സംസ്കാരത്തെ നിലനിത്താൻ അമേരിക്കയ്ക്കതിയായതാല്പര്യമുണ്ടു്. ഇതൊക്കെയാണവരുടെ

8058



പ്രചരണം. ഇന്ത്യ ഒരു കാർഷിക രാജ്യമാണ്, അതുകൊണ്ട് കൃഷിക്കാണ് ഇവിടെ പ്രാധാന്യം കൊടുക്കേണ്ടതു് വ്യവസായത്തിനല്ല, ഇതാണവരുടെ അവകാശവാദം. ഇന്ത്യയിലെ സകല കുഴപ്പങ്ങൾക്കും കാരണം ജനപ്പെരുപ്പമാണെന്നും, അതുകൊണ്ട് കുടുംബാസൂത്രണത്തിൽ ശ്രദ്ധ പതിപ്പിക്കണമെന്നും പറയാൻ അവർ മറക്കുന്നില്ല. ഡാ: ഡാനിയേൽ ലെർനറുടെ പുസ്തകങ്ങൾ ഈ വിധത്തിലുള്ള പ്രചരണങ്ങളുടെ തെളിവാണ്. അമേരിക്കൻ റിപ്പോർട്ടർ, സ്പാൻ, അമേരിക്കൻ റിവ്യൂ, അമേരിക്കൻ ലേബർ, പ്രോബ്ളംസ് ഓഫ് കമ്മ്യൂണിസം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെ പുറത്തുവരുന്ന ആശയങ്ങളും മറെറാന്നല്ലല്ലോ.

അമേരിക്കൻ ടെക്സ്റ്റ് പുസ്തകങ്ങൾ ഇന്ത്യയിൽ അച്ചടിപ്പിക്കുന്നതിനു് 1971-ൽ യു. എസ്. ഐ. എസ് 300000 രൂപ ചെലവഴിക്കുകയുണ്ടായി. യു. എസ്. എ. ഐ. ഡി. ചെലവഴിച്ച 75 ലക്ഷം രൂപക്കു് പുറമെയാണിതു്. ഇന്ത്യയും അമേരിക്കയും ചേർന്നുകൊണ്ടുള്ള സംയുക്തടെക്സ്റ്റ് പുസ്തക പരിപാടി 1961-ലാണ് ആരംഭിച്ചതു്. അമേരിക്കൻ വിലയുടെ അഞ്ചിൽ ഒന്നു് മാത്രമേ ഈ പരിപാടിവഴി പുറത്തിറക്കുന്ന പുസ്തകങ്ങൾക്കു് ഇടാക്കു. ഈ പരിപാടിക്കാവശ്യമായ തുക അമേരിക്ക പി. എൽ. 480 ഫണ്ടിൽ നിന്നെടുക്കുകയാണ് ചെയ്യുന്നതു്. ഇതുവരെയായി ആയിരത്തോളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ഇങ്ങനെ പല വഴികളിലൂടെയും കടന്നുകയറി ഇന്ത്യൻ വിദ്യാഭ്യാസമേഖലയിൽ വമ്പിച്ച സ്വാധീനം അമേരിക്ക ചെലുത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇന്ത്യൻ വിദ്യാഭ്യാസമേഖലയിലുടനീളം തൽഫലമായി വ്യാപകമായ നിലയിൽ കരിനിഴൽ വീണുകഴിഞ്ഞിരിക്കുകയാണ്. ഇതിനെതിരെ അണിനിരക്കണമെന്നു് എസ്. എഫ്. ഐ അതിൻെറ പരിപാടിയിൽ ഇന്ത്യൻ വിദ്യാർത്ഥികളോടാഹ്വാനം ചെയ്തിട്ടുണ്ടു്.

PG Library & Research Centre

---

Cover: R. N.

Printed at the P. P. Press Palayam Trivandrum-1

# ഇന്ത്യൻ വിദ്യാഭ്യാസം

ത്തൽ ഒരുവിലയിരുത്തൽ ഒരുവിലയിരുത്തൽ ഒരു വിലയിരുത്തൽ ഒരുവില

370.954

സി. ഭാസ്കരൻ

